SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD

# സീറോമലബാർ വിഷൻ

ഒക്ടോബർ 2023 | പുസ്തകം 02 | ലക്കം 07 | സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

## ഫാ. മാത്യു നെല്ലിക്കുന്നേൽ സി.എസ്.റ്റി. ഗോരഖ്പൂർ രൂപതാമെത്രാൻ

ഉത്തർപ്രദേശിലെ ഗോരഖ്പൂർ ആസ്ഥാനമായുള്ള സീറോമലബാർ രൂപതയുടെ മൂന്നാമത്തെ മെത്രാനായി സി.എസ്.റ്റി. സന്യാസസമൂഹാംഗമായ ഫാ. മാത്യു നെല്ലിക്കുന്നേലിനെ സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാം സിനഡിന്റെ മൂന്നാം സമ്മേളനം തെരഞ്ഞെടുത്തു. ഇതുസംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം 2023 ആഗസ്റ്റ് 26-ാം തിയതി ശനിയാഴ്ച ഇറ്റാലിയൻ സമയം ഉച്ചയ്ക്കു 12 മണിക്കു വത്തിക്കാനിലും ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞു 3.30ന് കാക്കനാട് മൗണ്ട് സെന്റ് തോമസിലും നടത്തപ്പെട്ടു. സഭയുടെ ആസ്ഥാനകാര്യാലയത്തിൽ സീറോമലബാർസഭയുടെ മെത്രാൻ സിനഡ് അംഗങ്ങളുടെ സാന്നിധ്യത്തിൽ നടത്തിയ പൊതുസമ്മേളനത്തിൽ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. തുടർന്നു മേജർ ആർച്ചുബിഷപ്പും ഗോരഖ്പൂർ രൂപതയുടെ സ്ഥാനമൊഴിയുന്ന മെത്രാൻ മാർ തോമസ് തുരുത്തിമറ്റവും ചേർന്നു നിയുക്തമെത്രാനെ സ്ഥാനചിഹ്നങ്ങൾ അണിയിച്ചു. സിനഡുപിതാക്കന്മാരും സഭാകാര്യാലയത്തിലെ വൈദികരും സമർപ്പിതരും നിയുക്തമെത്രാന് അഭിനന്ദനങ്ങളും ആശംസകളുമറിയിച്ചു.



ഇടുക്കി രൂപതയിലെ മരിയാപുരം ഇടവകയിൽ നെല്ലിക്കുന്നേൽ വർക്കി-മേരി ദമ്പതികളുടെ മൂത്ത മകനായി 1970 നവംബർ 13ന് ജനിച്ച ഫാ. മാത്യു ഹൈസ്കൂൾ പഠനത്തിനുശേഷം സി.എസ്.റ്റി. സന്യാസസമൂഹത്തിന്റെ പഞ്ചാബ്-രാജസ്ഥാൻ പ്രോവിൻസിൽ ചേർന്നു ഗോരഖ്പൂരിലുള്ള മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ചു. 1990ൽ ആദ്യവ്രതം ചെയ്ത അദ്ദേഹം 1996ൽ നിത്യവ്രതവാഗ്ദാനം നടത്തി. വൈദികപരിശീലനം വിജയകരമായി പൂർത്തിയാക്കിയ അദ്ദേഹം 1998 ഡിസംബർ മുപ്പതാം തിയതി കോതമംഗലം രൂപതയുടെ മുൻ മെത്രാൻ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. അസി. നോവിസ് മാസ്റ്റർ, മൈനർ സെമിനാരി റെക്ടർ, ഇടവക വികാരി, സ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ച ഫാ. മാത്യു 2005ൽ ഉപരിപഠനത്തിനായി റോമിലേക്കു പോയി. റോമിലെ അഞ്ചേലിക്കം യൂണിവേഴ്സിറ്റിയിൽനിന്നു തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം ആലുവ ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയിൽ അധ്യാപകനായി നിയമിതനായി. തുടർന്നു ജർമനിയിലെ റേഗൻസ്ബുർഗ് രൂപതയിൽ അജപാലനശുശ്രൂഷചെയ്തു. 2015 മുതൽ 2018 വരെ പഞ്ചാബ്-രാജസ്ഥാൻ ക്രിസ്തുജയന്തി പ്രോവിൻസിന്റെ പ്രൊവിൻഷ്യാളായി സേവനമനുഷ്ഠിച്ചു. 2018ൽ ആലുവ ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയുടെ റെക്ടറായി ശുശ്രൂഷ നിർവഹിച്ചുവരവേയാണു ഗോരഖ്പൂർ രൂപതയുടെ വൈദികമേലധ്യക്ഷനാകാനുള്ള നിയോഗം അദ്ദേഹത്തെ തേടിയെത്തുന്നത്. ഇംഗ്ലീഷ്, ഹിന്ദി, ജർമൻ, ഇറ്റാലിയൻ എന്നീ ഭാഷകളിൽ പ്രാവീണ്യമുണ്ട്. ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ ജേഷ്ഠ സഹോദരനാണ് നിയുക്ത മെത്രാൻ.

1984ലാണ് ഗോരഖ്പൂർ രൂപത രൂപീകൃതമായത്. സ്ഥാനമൊഴിയുന്ന മാർ തോമസ് തുരുത്തിമറ്റം പിതാവ് 2006ലാണ് രൂപതയുടെ അജപാലന ഉത്തരവാദിത്വമേറ്റെടുത്തത്. 17 വർഷങ്ങൾ നീണ്ട അജപാലന ദൗത്യനിർവഹണത്തിന്റെ സംതൃപ്തിയുമായാണ് മാർ തോമസ് തുരുത്തിമറ്റം പിതാവ് വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുന്നത്. മെത്രാഭിഷേക ചടങ്ങുകൾ നവംബർ 5ന് ഗോരഖ്പൂരിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടക്കും.

**ക്രൈസ്തവർക്കെതിരേയുള്ള ആക്രമണങ്ങൾ**

## ഐക്യരാഷ്ട്രസഭ ഇടപെടണമെന്നു കെസിബിസി

കൊച്ചി: വിവിധ രാജ്യങ്ങളിൽ ക്രൈസ്തവർക്കെതിരേയുള്ള ആൾക്കൂട്ട ആക്രമണങ്ങൾ വർധിക്കുമ്പോൾ, ശക്തമായ ഇടപെടലുകൾ നടത്താൻ അതത് രാജ്യങ്ങളിലെ ഭരണകൂടങ്ങളും ഐക്യരാഷ്ട്ര സഭയും തയാറാകണമെന്ന് കെസിബിസി. വംശഹത്യ ലക്ഷ്യംവച്ചുള്ള കലാപങ്ങൾ പാക്കിസ്ഥാനിലും ഇന്ത്യയിലുമുൾപ്പെടെ വർധിക്കുകയാണ്. വ്യാജ ആരോപണങ്ങൾ ഉയർത്തി ന്യൂനപക്ഷമായ ക്രൈസ്തവർ, ഭൂരിപക്ഷ ജനവിഭാഗത്താൽ പാക്കിസ്ഥാനിൽ ആക്രമിക്കപ്പെട്ടത് ദൗർഭാഗ്യകരമാണ്. പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നവരുടെ എണ്ണം പ്രതിദിനം വർധിച്ചുകൊണ്ടിരിക്കുന്ന കാഴ്ചകളാണ് വിവിധ രാജ്യങ്ങളിൽ ദൃശ്യമാകുന്നത്. ക്രൈസ്തവരാണെന്ന കാരണംകൊണ്ടു മാത്രം കൂടുതൽ മനുഷ്യർ ആക്രമിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ഇന്നത്തെ ലോകത്തുണ്ടെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

## സീറോമലബാർസഭയുടെ നവീകരിച്ച വെബ്സൈറ്റ് പ്രകാശനം ചെയ്തു



കാക്കനാട്: www.syromalabarchurch.in എന്ന പേരിൽ നവീകരിച്ച സീറോമലബാർസഭയുടെ ഔദ്യോഗിക വെബ്സൈറ്റ് മുപ്പത്തിയൊന്നാമത് സിനഡിന്റെ മൂന്നാമത് സമ്മേളനത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പ്രകാശനം ചെയ്തു.

സഭയുടെ ഇന്റർനെറ്റ് മിഷന്റെ നേതൃത്വത്തിൽ നിലവിൽ വന്ന വെബ്സൈറ്റിന്റെ കാലാനുസൃതമായ നവീകരണം പൂർത്തിയാക്കി വിശ്വാസികളുടെയും പൊതുസമൂഹത്തിന്റെയും ഉപയോഗത്തിനായി പ്രവർത്തനക്ഷമമായിരിക്കുന്നു. സീറോമലബാർസഭയെക്കുറിച്ചും സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഇന്റർനെറ്റ് മിഷന്റെ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവും വൈസ് ചെയർമാൻ മാർ തോമസ് തറയിൽ പിതാവും എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബി കൊളങ്ങരയുമാണ് വെബ്സൈറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടൻ പുറത്തുവിടണം: എസ്.എം.വൈ.എം.

കാക്കനാട്: ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടൻ പുറത്തുവിടണമെന്ന് സീറോമലബാർ യൂത്ത് മൂവ്മെന്റ്. എസ്.എം.വൈ.എം. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ സീറോമലബാർ സഭാ കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന കേരളാ റീജിയൺ രൂപതാ പ്രതിനിധി സംഗമം ക്രൈസ്തവ ന്യൂനപക്ഷങ്ങളോടുള്ള സർക്കാരിന്റെ നീതിനിഷേധം ചൂണ്ടിക്കാട്ടുകയും നാളിതുവരെയായിട്ടും ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാത്തതിനെ അപലപിക്കുകയും ചെയ്തു.

യൂത്ത് കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ എസ്.എം.വൈ.എം. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി അദ്ധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്ര, കേരള റീജിയൺ പ്രസിഡന്റ് ശ്രീ. വിശാഖ് തോമസ്, ആനിമേറ്റർ സി. ജിൻസി എം.എസ്.എം.ഐ. തുടങ്ങിയവർ പ്രസംഗിച്ചു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

# സീറോമലബാർ വിഷൻ
## എഡിറ്റോറിയൽ

### അവശേഷിപ്പുകൾ തിരുശേഷിപ്പുകളാകട്ടെ

കാട്ടിലെ കുറുക്കന് ഒരു സംശയം. എന്തുകൊണ്ടാണ് ദൈവം മനുഷ്യനുമാത്രം പ്രത്യേക കഴിവ് നൽകിയത്. മനുഷ്യൻ എല്ലാ മൃഗങ്ങളെയും അടിമകളാക്കി ജീവിക്കുന്നു. തന്റെ ചിന്ത കുറുക്കൻ എല്ലാ മൃഗങ്ങളെയും വിളിച്ചുകൂട്ടി അറിയിച്ചു. വലുപ്പം കൂടുതലുള്ള ആനയും ഉയരം കൂടുതലുള്ള ജിറാഫും ശക്തി കൂടുതലുള്ള സിംഹവും വേഗം കൂടുതലുള്ള ചീറ്റയും ഒരുമിച്ച് കാട്ടിൽ ധ്യാനിച്ചിരിക്കുന്ന ഒരു സന്യാസിയുടെ അടുത്തെത്തി ചോദിച്ചു: ''എന്തുകൊണ്ടാണ് മനുഷ്യന് ഞങ്ങളെയെല്ലാം മെരുക്കാനുള്ള കഴിവ് ദൈവം കൊടുത്തത്?'' സന്യാസി പറഞ്ഞു: ''തന്റെ ദുഷ്ടസ്വഭാവം മാറ്റിയെടുക്കാൻ മനുഷ്യനു കഴിയും, നിങ്ങൾക്കതിനു കഴിയില്ല. അതുകൊണ്ടാണ് മറ്റെല്ലാ ജീവികളെയും നിയന്ത്രിക്കാൻ അവനു കഴിയുന്നത്.'' അപ്പോൾ കുറുക്കൻ ചോദിച്ചു: ''ദുഷ്ടസ്വഭാവം മനുഷ്യൻ മാറ്റുന്നില്ലെങ്കിലോ?''

മാറാനും മാറ്റാനും ഉള്ള കഴിവാണ് മനുഷ്യരെ മൃഗങ്ങളിൽനിന്നു വ്യത്യസ്തരാക്കുന്നത്. സ്വഭാവം മെച്ചപ്പെടുത്തണമെന്ന് മിക്കവാറും എല്ലാവർക്കും ആഗ്രഹമുണ്ടാകും. എന്നാൽ, എല്ലാവരും ശ്രമിക്കുന്നില്ല എന്നതാണ് വാസ്തവം. അപ്പസ്തോല പ്രവർത്തനങ്ങൾ 11:24ൽ നാം വായിക്കുന്നു: ''അവൻ പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞ ഒരു നല്ല മനുഷ്യനായിരുന്നു.'' നല്ല മനുഷ്യനാകാൻ എന്തുചെയ്യണമെന്ന കാലങ്ങളായുള്ള ചോദ്യത്തിനുത്തരമാണ് പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറയുക എന്നത്. 'ജീവിക്കുന്നിടത്തോളം കാലം നമ്മളെ ആരും വെറുക്കരുത്, മരണശേഷം നമ്മളെ ആരും മറക്കരുത്' എന്ന നിർബന്ധബുദ്ധിയോടെ ജീവിക്കണം. ഇതല്ലേ ശരിക്കും ജീവിതവിജയം എന്നത്? ജീവിക്കുക എന്നത് എളുപ്പമാണ്, എന്നാൽ അർത്ഥവത്തായി ജീവിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ടുതന്നെ, ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യങ്ങളിലൊന്ന് മറ്റുള്ളവർക്ക് നാം പ്രിയപ്പെട്ടവരായി മാറുക എന്നതല്ലേ? ഇതെങ്ങനെ സാധിക്കും?

തത്വശാസ്ത്രം (philosophy) പഠിക്കുന്ന കാലത്ത് എന്നെ ഏറെ സ്വാധീനിച്ച ഒരു പ്രൊപ്പോസിഷൻ ആണ് 'Cogito ergo sum.' ഇംഗ്ലീഷിൽ 'I think therefore I am' എന്നും മലയാളത്തിൽ 'ഞാൻ ചിന്തിക്കുന്നു അതിനാൽ ഞാൻ ഉണ്ട്' എന്നും അർഥം വരുന്ന ഒരു ലത്തീൻ തിയറിയാണിത്. പാശ്ചാത്യ തത്ത്വശാസ്ത്രത്തിന്റെ അടിസ്ഥാനശിലയായിത്തീർന്ന ഫ്രഞ്ച് തത്ത്വശാസ്ത്രജ്ഞൻ റെനേ ഡെക്കാർട്ടിന്റെ Principles of Philosophy എന്ന പുസ്തകത്തിലാണ് ഈ ചരിത്ര പ്രസ്താവന നാം കാണുന്നത്. ചിന്തിക്കാനും ചിന്തിച്ചു വിലയിരുത്താനും വിലയിരുത്തി മെച്ചപ്പെടാനുമുള്ള കഴിവാണ് നമ്മെ നല്ല മനുഷ്യരാക്കുന്നത്. മനുഷ്യരെ അടുത്തറിയുകയും സ്വഭാവസവിശേഷതകൾ മനസ്സിലാക്കി കരുതലോടെ സ്നേഹിക്കുകയും ചെയ്യുമ്പോൾ അവരിലെ നന്മകൾ തിരിച്ചറിയാനാകും. എന്നാൽ, മെച്ചപ്പെടാൻ ആഗ്രഹിക്കുകയോ ഏകാഗ്രതയോടെ പരിശ്രമിക്കുകയോ ചെയ്യാത്ത മനുഷ്യരുമുണ്ട്. തെറ്റ് തെറ്റാണെന്ന് തിരിച്ചറിയുകയും തിരുത്തലുകൾ നീട്ടിവെക്കുകയും ചെയ്യുന്നത് നമ്മെ ദുഷ്ടതയിൽ തളച്ചിടും. ഓർക്കുക, മുഷിയുമ്പോൾ ദൂരേക്ക് വലിച്ചെറിയാൻ ഏറ്റവും എളുപ്പം മനുഷ്യരെയാണ്.

ഒന്ന് ചിരിച്ചാൽ മാറുന്ന ദേഷ്യങ്ങളുണ്ട്... ഒന്ന് കേൾക്കാൻ തയ്യാറായാൽ തീരുന്ന പരിഭവങ്ങളുണ്ട്... ഒന്ന് ചേർത്തുപിടിച്ചാൽ അലിഞ്ഞില്ലാതാകുന്ന സങ്കടങ്ങളുണ്ട്. പക്ഷേ, ഇതൊന്നും തിരിച്ചറിയാത്ത മനുഷ്യരും ഉണ്ട്. ചേർന്നിരിക്കാനും ചേർത്തുവയ്ക്കാനും പരുവപ്പെട്ടതാകട്ടെ നമ്മുടെ ജീവിതം. ഒരു കാലത്തിനപ്പുറത്തേക്ക് നമ്മളെല്ലാം വെറും കഥകൾ മാത്രമാണ്. കേൾക്കുമ്പോൾ സന്തോഷം തോന്നുന്ന നന്മയുടെയും കരുതലിന്റെയും കഥകളാകണം നാം. കാരണം, മരണം കൊണ്ടുപോകാത്ത ഒന്നേ ഉള്ളൂ ഈ ഭൂമിയിൽ, അത് നമ്മെക്കുറിച്ചുള്ള ഓർമ്മകൾ മാത്രമാണ്. നന്മയുടെ സുഗന്ധം പരത്തുന്ന... തലമുറകളെ പ്രകാശിപ്പിക്കുന്ന ഓർമ്മകൾ അവശേഷിപ്പിക്കാൻ സാധിക്കട്ടെ.



**ഫാ. ഡോ. ആന്റണി വടക്കേകര വി.സി.**
**ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ**

## സ്പന്ദന് പുതിയ ചെയർമാൻ ടീം



മാർ ജോൺ നെല്ലിക്കുന്നേൽ | മാർ ജോസ് ചിറ്റൂപ്പറമ്പിൽ | മാർ പീറ്റർ കൊച്ചുപുരയ്ക്കൽ

സീറോമലബാർസഭയുടെ സാമൂഹ്യ പ്രേഷിത പ്രവർത്തന വിഭാഗമായ സ്പന്ദന്റെ പുതിയ ചെയർമാനായി രാജ്ക്കോട്ട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് ചിറ്റൂപ്പറമ്പിലിനെ മേജർ ആർച്ച്ബിഷപ് നിയമിച്ചു. ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ, പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ എന്നിവരാണ് പുതിയ വൈസ് ചെയർമാൻമാർ. കഴിഞ്ഞ കാലഘട്ടത്തിൽ ചെയർമാനായി സ്പന്ദനെ നയിച്ച ഇരിഞ്ഞാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനും വൈസ് ചെയർമാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനും സ്പന്ദൻ സെക്രട്ടേറിയേറ്റ് കൃതജ്ഞതയർപ്പിച്ചു. സീറോമലബാർസഭയുടെ മുഖമുദ്രയായ പ്രേഷിത ചൈതന്യത്തിലൂന്നി ഭാരതത്തിൽ സാമൂഹ്യ പ്രേഷിത പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുവാനും കാലോചിതമായി പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുവാനും പുതിയ ടീമിനാകട്ടെയെന്ന് ആശംസിക്കുന്നു.

**സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.**

**email: syromalabarvision@gmail.com**
**whatsapp: +91 8089552280**

സീറോമലബാർ വിഷൻ
EDITORIAL BOARD

PATRON
MAR GEORGE CARDINAL ALENCHERRY
MAJOR ARCHBISHOP

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION
MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION
MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION

CONSULTANTS
DR. CHACKO KALAMPARAMBIL
DR. KOCHURANI JOSEPH
ADV. AGI JOSEPH

CHIEF EDITOR
FR. DR. ANTONY VADAKKEKARA VC
P.R.O. & SECREATRY, MEDIA COMMISSION

ASSOCIATE EDITOR
FR. DR. PRAKASH MATTATHIL
VICE CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

DESIGN & LAYOUT
EBY THOMAS
OFFICE STAFF, MEDIA COMMISSION

# കൂട്ടായ്മയാണ് സഭയുടെ ശക്തി: കർദിനാൾ മാർ ജോർജ് ആലഞ്ചേരി



കാക്കനാട്: കൂട്ടായ്മയാണ് സഭയുടെ ശക്തിയെന്ന് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ മൂന്നാം സമ്മേളനം സഭാ കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കർദിനാൾ. എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി മാർപാപ്പ നിയോഗിച്ച പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ച്ബിഷപ് സിറിൽ വാസിലിനെതിരെ കത്തീഡ്രൽ ബസിലിക്കയിലുണ്ടായ പ്രതിഷേധം സഭയ്ക്ക് അഗാധമായ ദുഃഖമുണ്ടാക്കിയെന്ന് കർദിനാൾ പറഞ്ഞു. പൊന്തിഫിക്കൽ ഡെലഗേറ്റിനെതിരെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും സംഘർഷ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തത് നീതികരിക്കാനാവാത്തതും ക്രൈസ്തവവിരുദ്ധവുമായ രീതികളാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നൽകിയ ധ്യാനചിന്തകളോടെയാണ് സിനഡ് ആരംഭിച്ചത്. തുടർന്ന് മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം സിനഡുപിതാക്കന്മാർ വിശുദ്ധ കുർബാനയർപ്പിച്ചു. മേല്പട്ട ശുശ്രൂഷയുടെ സുവർണജൂബിലി ആഘോഷിക്കുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ സേവനങ്ങളെ കർദിനാൾ പ്രത്യേകം അനുസ്മരിച്ചു. ഈ വർഷം ജൂബിലിയുടെ നിറവിലായിരിക്കുന്ന മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിനും മാർ തോമസ് തുരുത്തിമറ്റം പിതാവിനും മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനും സിനഡ് ആശംസകൾ അറിയിച്ചു. പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ച്ബിഷപ് സിറിൽ വാസിൽ സിനഡുസമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. കത്തോലിക്കാ കൂട്ടായ്മയെ നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള അച്ചടക്കരാഹിത്യം സഭയ്ക്ക് അപകടകരമാണെന്ന് പൊന്തിഫിക്കൽ ഡെലഗേറ്റ് ചൂണ്ടിക്കാട്ടി. സഭയെയും സമൂഹത്തെയും ബാധിക്കുന്ന വിവിധങ്ങളായ വിഷയങ്ങളെക്കുറിച്ച് സിനഡു പിതാക്കന്മാർ ചർച്ച ചെയ്തു.

# സിനഡ് കമ്മിറ്റിയുടെ ചർച്ചയുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കരുത്: സീറോമലബാർസഭ പി.ആർ.ഒ.

ഏകീകൃത വിശുദ്ധ കുർബാനയർപ്പണവുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രശ്നപരിഹാരത്തിനായി സീറോമലബാർ സഭാസിനഡ് നിയോഗിച്ച മെത്രാന്മാരുടെ സമിതി വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായി. ചർച്ചകളുമായി ബന്ധപ്പെട്ട വിവരങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കരുതെന്ന് കൃത്യമായി അറിയിച്ചിരുന്നതാണ്. എന്നാൽ, സിനഡുസമിതിയുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ എന്ന രീതിയിൽ സമൂഹ മാധ്യമങ്ങളിലൂടെ അഭ്യൂഹങ്ങൾ പ്രചരിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ആർച്ച്ബിഷപ് സിറിൽ വാസിൽ പിതാവ് മാർപാപ്പയുടെ പ്രത്യേക പ്രതിനിധിയായി എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമിക്കപ്പെട്ടിരിക്കുന്നതിനാൽ അതിരൂപതയിൽ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പൊന്തിഫിക്കൽ ഡെലഗേറ്റുവഴി പരിശുദ്ധ പിതാവിന്റെ തീരുമാനത്തിനു വിധേയമായിരിക്കുമെന്ന് ചർച്ചകളുടെ പ്രാരംഭമായി ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നതാണ്. ഈ വസ്തുത സിനഡുസമ്മേളനത്തിലും തുടർന്നുള്ള ചർച്ചകളിലും അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുമുണ്ട്. അതിനാൽ, ചർച്ചകൾക്കായി നിയോഗിക്കപ്പെട്ട മെത്രാന്മാരുടെ സമിതിക്ക് തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുകയില്ലെന്ന വസ്തുത എല്ലാവരും തിരിച്ചറിയേണ്ടതാണ്.

ഏകീകൃത വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പൊന്തിഫിക്കൽ ഡെലഗേറ്റിനെ അറിയിച്ചിട്ടുണ്ട്. പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ പരിഗണനക്കായി നൽകിയ നിർദ്ദേശങ്ങളിൽ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളും ബന്ധപ്പെട്ടവരെ അതാത് സമയങ്ങളിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നടത്തിയ ചർച്ചകളിൽ അന്തിമമായ തീരുമാനം ഇനിയും രൂപപ്പെട്ടിട്ടില്ല എന്ന് അറിയിക്കുന്നു. പേജ് 07

# കൂട്ടായ്മയ്ക്കുവേണ്ടിയുള്ള സിനഡ് പിതാക്കന്മാരുടെ സംയുക്ത ആഹ്വാനം

എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരോടും സന്യസ്തരോടും അല്മായ സഹോദരങ്ങളോടും സീറോമലബാർസഭയുടെ സിനഡ് പിതാക്കന്മാർ ഏകമനസ്സോടെയും പൈതൃകമായ സ്നേഹത്തോടെയും കൂട്ടായ്മയുടെ ഈ സന്ദേശം പങ്കുവെക്കാൻ ആഗ്രഹിക്കുന്നു:

പതിറ്റാണ്ടുകളായി നമ്മുടെ സഭയിൽ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിനായി നാം പരിശ്രമിക്കുകയായിരുന്നല്ലോ. സീറോമലബാർസഭയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലൊഴികെ മറ്റെല്ലാ രൂപതകളിലും ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലായി. ഈ വിഷയത്തിൽ അതിരൂപതയിൽ രൂപപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ പരിശ്രമിച്ചെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. പ്രശ്നപരിഹാരത്തിനുള്ള അവസാന മാർഗ്ഗം എന്ന നിലയിലാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആർച്ച്ബിഷപ് സിറിൽ വാസിലിനെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിച്ചത്. എന്നാൽ പൊന്തിഫിക്കൽ ഡെലഗേറ്റിനോട് നിഷേധാത്മക സമീപനം സ്വീകരിച്ചവർക്ക് കത്തോലിക്കാ കൂട്ടായ്മയിൽ തുടരാനാകാത്ത സാഹചര്യമാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ഏറെ ദുഃഖകരമായ ഈ സാഹചര്യത്തിൽ നമ്മുടെ അമ്മയായ പരിശുദ്ധ കത്തോലിക്കാസഭയുടെ കൂട്ടായ്മ നിങ്ങളിലാരും നഷ്ടപ്പെടുത്തരുതെന്ന് ഞങ്ങൾ ഹൃദയപ്പൂർവം ആഗ്രഹിക്കുന്നു. ഇതിനായി സീറോമലബാർസഭയുടെ സിനഡ് തീരുമാനിച്ചതും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം അംഗീകരിച്ചതും പരിശുദ്ധ മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി ഘട്ടം ഘട്ടമായെങ്കിലും നടപ്പിലാക്കാനുള്ള സന്നദ്ധത നിങ്ങൾ ശ്ലൈഹീക സിംഹാസനത്തെ അറിയിക്കണം. പേജ് 09




## സഭയുടെ പൈതൃകത്തിന്റെ വക്താക്കളാണ് മാതാക്കൾ: മാർ മാത്യു അറയ്ക്കൽ

കാഞ്ഞിരപ്പള്ളി രൂപത



കാഞ്ഞിരപ്പള്ളി: സഭയുടെ പൈതൃകത്തിന്റെ വക്താക്കളാണ് മാതാക്കൾ, വിശ്വാസം കൈമാറുന്നതിന്റെ പ്രധാന കണ്ണികൾ അവരാണെന്നും മാർ മാത്യു അറയ്ക്കൽ. രൂപത ഫാമിലി അപ്പസ്തോലേറ്റിന്റേയും ദർശകന്റേയും ആഭിമുഖ്യത്തിൽ നടന്ന സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുത്ത് യജ്ഞത്തിൽ പങ്കാളികളായ 150 ലധികം മാതാക്കളുടെ സംഗമത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കോവിഡ് കാലത്ത് ആരംഭിച്ച ബൈബിൾ പകർത്തിയെഴുത്ത് ഉദ്യമം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരെയും അഭിവന്ദ്യ പിതാവ് ആദരിച്ചു. രൂപത വികാരി ജനറാൾ ഫാ. ജോസഫ് വെള്ളമറ്റം, ഫാ. മാത്യു ഓലിക്കൽ, ഫാ. ജസ്റ്റിൻ മതിയത്ത് എന്നിവർ സന്നിഹിതരായിരുന്നു.

## കത്തോലിക്കാ കോൺഗ്രസ് സമുദായത്തിന്റെ ശബ്ദം: മാർ പീറ്റർ കൊച്ചുപുരയ്ക്കൽ

പാലക്കാട് രൂപത

പാലക്കാട്: കത്തോലിക്കാ കോൺഗ്രസ് സമുദായത്തിൻറെ ശബ്ദമാണെന്നും സമുദായത്തിന്റെയും സമൂഹത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ് എകെസിസി എന്നും പാലക്കാട് രൂപത ബിഷപ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പറഞ്ഞു.



രൂപത കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം പാലക്കാട് പാസ്റ്ററൽ സെന്ററിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു ബിഷപ്. രൂപതയുടെ അഭിമാനകരമായ പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിക്കാനും സമൂഹത്തിലെ ഏറ്റവും ചെറിയവന് നന്മ ചെയ്യാനും എകെസിസി നേതാക്കൾ ഉത്സാഹിക്കുന്നു. കർഷകരും അടിസ്ഥാന ജനവിഭാഗങ്ങളും അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കത്തോലിക്കാ കോൺഗ്രസ് മുൻപന്തിയിൽ ഉണ്ടാകണമെന്നും ബിഷപ് പറഞ്ഞു. ഓഫീസിന്റെ വെഞ്ചരിപ്പ് കർമവും ബിഷപ് നിർവഹിച്ചു.

രൂപത പ്രസിഡന്റ് തോമസ് ആൻറണി അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ മുഖ്യ പ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി ജിജോ അറയ്ക്കൽ, ട്രഷറർ കെ. എഫ്.ആൻറണി, ഗ്ലോബൽ സെക്രട്ടറി ചാർളി മാത്യു, രൂപത മതബോധന ഡയറക്ടർ ഫാ.ജയിംസ് ചക്കിയത്ത്, വടക്കഞ്ചേരി ഫൊറോന വികാരി ഫാ. ജെയ്സൺ കൊള്ളന്നൂർ, മാതൃവേദി രൂപത ഡയറക്ടർ ഫാ.ബിജു കല്ലിങ്കൽ, എകെസിസി രൂപത വൈസ് പ്രസിഡൻറുമാരായ ജോസ് മുക്കട, ഷേർളി റാവു, സെക്രട്ടറിമാരായ അഡ്വ. ബോബി ബാസ്റ്റിൻ, ജോസ് വടക്കേക്കര, സേവ്യർ കലങ്ങോട്ടിൽ, ബിനു മുളമ്പള്ളിൽ, കുര്യൻ തോമസ്, റെനി അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

## ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പാക്കണം: മാർ പോളി കണ്ണൂക്കാടൻ

ഇരിഞ്ഞാലക്കുട രൂപത

ഇരിങ്ങാലക്കുട: ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പാക്കണമെന്നു ബിഷപ് മാർ പോളി കണ്ണൂക്കാടൻ. ഇരിങ്ങാലക്കുട രൂപത ക്രിസ്തീയ ന്യൂനപക്ഷ അവകാശ സമിതി ഡയറക്ടർ ബോർഡ് യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവരുടെ നിരന്തരമായ അഭ്യർഥനയെ തുടർന്നാണ് 2021 നവംബറിൽ ജസ്റ്റിസ് ബെഞ്ചമിൻ കോശി അധ്യക്ഷനായ മൂന്നംഗ കമ്മീഷനെ സർക്കാർ നിയോഗിച്ചത്.

രണ്ടുവർഷത്തെ പഠനത്തിനും ചർച്ചകൾക്കും ശേഷം ആറുലക്ഷത്തോളം നിവേദനങ്ങൾ കമ്മിഷനു മുന്നിൽ സമർപ്പിച്ചു. ക്രൈസ്തവരുടെ 500 ആവശ്യങ്ങൾ അടങ്ങിയ സമഗ്ര റിപ്പോർട്ട് കമ്മീഷൻ മുഖ്യമന്ത്രിക്കു കഴിഞ്ഞ മേയിൽ കൈമാറിയിട്ടും പൊതുജനങ്ങൾക്കായി നൽകുകയോ തുടർപഠനങ്ങളോ നടപടികളോ നടപ്പാക്കിയില്ലെന്നു സമിതി ചൂണ്ടിക്കാട്ടി.

ക്രൈസ്തവർക്ക് അവകാശപ്പെട്ട സ്കോളർഷിപ്പുകൾ അന്യായമായി കൈവശപ്പെടുത്തിയവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും മലയോര കർഷകരുടെ ആശങ്കകൾക്ക് പരിഹാരം ഉണ്ടാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. ഇരിങ്ങാലക്കുട രൂപതാ ന്യൂനപക്ഷ സമിതി ചെയർമാൻ രൂപതാ വികാരി ജനറാൾ മോൺ. വിൽസൻ ഈരത്തറ, ഡയറക്ടർ ഫാ. നൗജിൻ വിതയത്തിൽ, അസി. ഡയറക്ടർ ഫാ. ആൽബിൻ പുന്നേലിപറമ്പിൽ, പ്രസിഡൻറ് ഇ.ടി. തോമസ് എന്നിവർ പ്രസംഗിച്ചു.

## സാധ്യതകളെ കണ്ടെത്താൻ കുട്ടികളെ പരിശീലിപ്പിക്കണം: മാർ തറയിൽ

ചങ്ങനാശേരി അതിരൂപത



ചങ്ങനാശേരി: സാധ്യതകളെ കണ്ടെത്താനും സ്വയം പര്യാപ്തരാകാനും ഏത് സാഹചര്യത്തോടും ഇണങ്ങി ജീവിക്കാനും മക്കളെ പരിശീലിപ്പിക്കാൻ അമ്മമാർക്കാവണമെന്നു ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ. മാതൃവേദിയുടെ ജന്മദിനാഘോഷങ്ങളുടെ അതിരൂപതാതല ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മാർ തറയിൽ.

മാതൃവേദി അതിരൂപത പ്രസിഡന്റ് ബീന മറ്റത്തിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാമിലി അപ്പൊസ്തലേറ്റ് അതിരൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖ പ്രഭാഷണം നടത്തി. ഫാ. ബിജോ ഇരുപ്പക്കാട്ട്, സിസ്റ്റർ ജോബിൻ എഫ്സിസി, ജിനോദ് ഏബ്രഹാം, ആൻസി ചേന്നോത്ത്, മിനി അത്തിക്കളം, സാലി ഇത്തിത്തറ, റീനി മുണ്ടെത്രയിൽ എന്നിവർ പ്രസംഗിച്ചു. സാലിമ്മ വെട്ടിക്കാട് കടുത്താനം പതാക ഉയർത്തി. മണിപ്പൂരിൽ സമാധാനം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെട്ടുള്ള പ്രമേയം ലാലിമ്മ കാലായിൽ സമ്മേളനത്തിൽ അവതരിപ്പിച്ചു. ചങ്ങനാശേരി അതിരൂപതയിലെ എല്ലാ യൂണിറ്റിലെയും മാതൃവേദി ഭാരവാഹികളുടെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.




# സിനഡാനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.**

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമതു സിനഡിന്റെ മൂന്നാമതു സമ്മേളനം 2023 ഓഗസ്റ്റ് 21 മുതൽ 26 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ച് പഠിക്കാനും പ്രതിസന്ധികൾക്കുള്ള പരിഹാരം പ്രാർത്ഥനാപൂർവ്വം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഹൃദയപൂർവ്വം നന്ദി പറയുന്നു.

## പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യനിർവ്വഹണം

പതിറ്റാണ്ടുകളായി നമ്മുടെ സഭയിൽ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിനായി നാം പരിശ്രമിക്കുകയായിരുന്നല്ലോ. സീറോമലബാർസഭയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലൊഴികെ മറ്റെല്ലാ രൂപതകളിലും ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലായി. ഈ വിഷയത്തിൽ അതിരൂപതയിൽ രൂപപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ പരിശ്രമിച്ചെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ഏകീകൃത വിശുദ്ധ കുർബാനയർപ്പണവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനുള്ള അവസാന മാർഗം എന്ന നിലയിലാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആർച്ച്ബിഷപ് സിറിൽ വാസിലിനെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിച്ചത്. ഓഗസ്റ്റ് 4ന് കേരളത്തിലെത്തിയ ആർച്ച്ബിഷപ് സിറിൽ വാസിൽ എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ജനങ്ങളുമായി തന്റെ ദൗത്യത്തിന്റെ ഭാഗമായി ചർച്ചകൾ നടത്തി. എന്നാൽ, പൊന്തിഫിക്കൽ ഡെലഗേറ്റിനെതിരെ എറണാകുളം കത്തീഡ്രൽ ബസിലിക്കയിലുണ്ടായ പ്രതിഷേധം സഭയ്ക്ക് അഗാധമായ ദുഃഖമുണ്ടാക്കി. അദ്ദേഹത്തിനെതിരെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും സംഘർഷ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തതു പൊതുസമൂഹത്തിലും സാർവത്രിക സഭയിലും നമ്മുടെ സഭയ്ക്ക് അപമാനമുണ്ടാക്കി. ഓഗസ്റ്റ് 21, 22 തിയ്യതികളിലായി രണ്ടു തവണ പൊന്തിഫിക്കൽ ഡെലഗേറ്റ് സീറോമലബാർ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. അച്ചടക്കവും കൂട്ടായ്മയുമില്ലാതെ സഭയ്ക്ക് മുന്നോട്ടു പോകാനാവില്ലെന്നും അതിനായുള്ള കർശന നടപടികൾ ആരംഭിച്ചുവെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും പൊന്തിഫിക്കൽ ഡെലഗേറ്റുവഴി പരിശുദ്ധ പിതാവിന്റെ തീരുമാനത്തിനു വിധേയമായിരിക്കും.

തന്റെ ദൗത്യത്തിന്റെ ആദ്യഘട്ടംപൂർത്തിയാക്കി ഓഗസ്റ്റ് 23-ാം തിയതി റോമിലെത്തിയ ആർച്ച്ബിഷപ് സിറിൽ വാസിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച്ച നടത്തി. ഓഗസ്റ്റ് 4 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ താൻ നടത്തിയ സന്ദർശനത്തെക്കുറിച്ചും അതിരൂപതയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെകുറിച്ചും പരിശുദ്ധ പിതാവിനെ അദ്ദേഹം അറിയിച്ചു. മാർപാപ്പയുടെയും പൗരസ്ത്യ തിരുസംഘത്തിന്റെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ മാർപാപ്പ ആവശ്യപ്പെട്ടതായി അദ്ദേഹം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ അറിയിച്ചു. പൗരസ്ത്യ സഭകളുടെ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിക്കും അതിരൂപതയുടെ പ്രതിസന്ധികളെക്കുറിച്ച് വിശദമായ റിപ്പോർട്ട് ആർച്ച്ബിഷപ് വാസിൽ നൽകിയിട്ടുണ്ട്. ഏകീകൃത വി. കുർബാനയർപ്പണരീതിയെക്കുറിച്ചുള്ള സീറോമലബാർ സിനഡിന്റെയും മാർപാപ്പയുടെയും തീരുമാനം പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള തന്റെ ദൗത്യം തുടരുമെന്നും പൊന്തിഫിക്കൽ ഡെലഗേറ്റ് അറിയിച്ചിട്ടുണ്ട്.



സിനഡ് സമ്മേളനത്തിന്റെ ഉദ്ഘാടനം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവ്വഹിക്കുന്നു. സിനഡ് സെക്രട്ടറി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ, ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, വൈസ് ചാൻസലർ ഫാ. പ്രകാശ് മറ്റത്തിൽ എന്നിവർ സമീപം.

പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യം സുഗമമാക്കുന്നതിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡു തീരുമാനിച്ചു. സംഭാഷണം സുഗമമാക്കാൻ 9 മെത്രാന്മാരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി ചർച്ചകൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. ചർച്ചയിൽ ഉരുത്തിരിയുന്ന പരിഹാരമാർഗങ്ങൾ പൊന്തിഫിക്കൽ ഡെലഗേറ്റു വഴി പരിശുദ്ധ പിതാവിനു സമർപ്പിക്കുകയും ശ്ലൈഹിക സിംഹാസനം നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മറന്നു നമുക്ക് ഒരു മനസ്സോടെ മുന്നോട്ട് നീങ്ങാം. എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ബലിവേദി നമ്മുടെ കൂട്ടായ്മയുടെ ഉറവിടമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പ്രശ്നപരിഹാരത്തിനു വിഘാതമാകുന്ന പ്രസ്താവനകളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും എല്ലാവരും വിട്ടുനിൽക്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികളുടെ പരിഹാരം ഈ വർഷത്തെ എട്ടു നോമ്പാചരണത്തിലെ പ്രത്യേക നിയോഗമായി നമുക്കു സമർപ്പിക്കാം.

## മണിപ്പൂർ കലാപം

മതേതരഭാരതത്തിന്റെ ഹൃദയത്തിലേറ്റ ആഴമേറിയ മുറിവാണു മണിപ്പൂർ കലാപം. സാമൂഹികസംവരണത്തെക്കുറിച്ചുള്ള കോടതി വിധിയോടുള്ള പ്രതിഷേധമായി പൊട്ടിപ്പുറപ്പെട്ട ഗോത്ര കലാപമായാണു മണിപ്പൂരിലെ സംഘർഷങ്ങൾ ആരംഭിച്ചത്. ഈ സംഘർഷത്തിന്റെ മറവിൽ ഇരുഗോത്രങ്ങളിലെയും ആളുകൾ പീഡനങ്ങൾക്ക് വിധേയരായിട്ടുണ്ട്. ഇവരിൽ നല്ലൊരു പങ്കും ക്രൈസ്തവരാണ്. കലാപത്തിൽ 170ൽ പരം ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും ആയിരക്കണക്കിന് ഭവനങ്ങളും ആരാധനാലയങ്ങളും തകർക്കപ്പെടുകയും ചെയ്തു. പതിനായിരങ്ങൾ പ്രാണരക്ഷാർത്ഥം പലായനം ചെയ്യേണ്ടിവന്നു. അത്യാധുനിക ആയുധങ്ങളുമായി കലാപകാരികൾ കഴിഞ്ഞ മൂന്നരമാസമായി അഴിഞ്ഞാടുന്ന സാഹചര്യത്തിൽ ക്രമസമാധാനം തിരിച്ചുകൊണ്ടുവരാൻ സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കണം. പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരേ പീഡനങ്ങൾ വർധിച്ചുവരുന്നത് തികച്ചും ആശങ്കാജനകമാണ്.

മണിപ്പൂർ കലാപത്തിനെതിരായ വികാരം രാജ്യമൊന്നാകെ ജാതി-മത-ഭേദമന്യേ ഉയർന്നു എന്നത് മതേതരഭാരതത്തിൽ പ്രത്യാശ പകരുന്ന വസ്തുതയാണ്. മണിപ്പൂരിലെ നമ്മുടെ സഹോദരങ്ങളുടെ സങ്കടത്തിൽ അവരോടൊപ്പം നിൽക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. മണിപ്പൂരിൽ സമാധാനവും ശാന്തിയും സുഗമമാക്കാൻ നമുക്ക് ആത്മാർഥമായി പ്രാർത്ഥിക്കാം. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പരിശ്രമങ്ങളിൽ ഭാരതകത്തോലിക്കാസഭയുടെ സാമൂഹിക സേവനവിഭാഗമായ കാരിത്താസ് ഇന്ത്യ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്ക് നമ്മുടെ സഭ എല്ലാവിധത്തിലുമുള്ള പിന്തുണയും നൽകുന്നുണ്ട്. മണിപ്പൂരിൽ ഭവനരഹിതരും അനാഥരുമായിത്തീർന്ന വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകാനുള്ള പരിശ്രമങ്ങൾ നമ്മുടെ വിവിധ രൂപതകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നതും സ്വാഗതാർഹമാണ്. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പദ്ധതിയിൽ നാമെല്ലാവരും ആത്മാർത്ഥമായി സഹകാരികളാകണം.

## മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി 2024 ഓഗസ്റ്റ് 23 മുതൽ 25 വരെയുള്ള തിയതികളിൽ പാലാ രൂപതയുടെ അജപാലനകേന്ദ്രമായ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്.

പേജ് 08

## ഒരുമയുടെയും തുല്യതയുടേയും ഓണാഘോഷവുമായി ജീവാ കൗൺസിലിങ് സെന്റർ

VISITATION CONGREGATION

കോട്ടയം: വിസിറ്റേഷൻ സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ കോട്ടയത്തെ ജീവാ കൗൺസിലിങ് ആൻഡ് സൈക്കോതെറാപ്പി സെന്ററിൽ സംഘടിപ്പിച്ച വ്യത്യസ്തമായ ഓണാഘോഷം പങ്കെടുത്തവർക്ക് അവിസ്മരണീയ അനുഭവമായി. സമകാലിക സാമൂഹ്യ പശ്ചാത്തലത്തിൽ മതാന്തര സൗഹൃദം വളർത്തിയെടുക്കുവാനും ഉച്ചനീചത്വങ്ങളില്ലാത്ത തുല്യതയുടേയും ഒരുമയുടേയും ഓണസന്ദേശം സമൂഹത്തിനു നൽകുവാനുമായാണ് ഏറെ പുതുമകളോടെ ഓണാഘോഷം സംഘടിപ്പിച്ചത്. ഓണാഘോഷത്തിനു മുന്നോടിയായി ജീവ കൗൺസലിംഗ് സെന്റർ ഡയറക്ടർ സിസ്റ്റർ അഞ്ജിത, പ്രോഗ്രാം കോർഡിനേറ്റർ സിസ്റ്റർ ആനന്ദ് എന്നിവർ കോട്ടയം പ്രദേശത്തെ പരിമിത സാഹചര്യങ്ങളിൽ ജീവിക്കുന്ന നിർ



ദ്ധന കുടുംബങ്ങളിൽ സന്ദർശനം നടത്തുകയും ഓണാഘോഷത്തിൽ പങ്കെടുക്കുവാൻ അവരെ ക്ഷണിക്കുകയും ചെയ്തു. പ്രധാനമായും കോട്ടയം പട്ടണത്തിലെ നിരത്തുകളിൽ വിവിധ കൈത്തൊഴിൽ ചെയ്തു ജീവിക്കുന്നവരുടേയും ഇതര സാധാരണക്കാരായ കുടുംബങ്ങളെയുമാണ് ഓണാഘോഷത്തിൽ ഉൾച്ചേർത്തത്. 40 പേർ ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കാനെത്തി.

ജീവാ കൗൺസലിംഗ് സെന്ററിൽ അതിഥികളായെത്തിയവർക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും അവരുടെ കലാവിരുന്നുകൾ അവതരിപ്പിക്കുവാൻ അവസരം നൽകുകയും ചെയ്തു. ഓണാഘോഷ പരിപാടിയുടെ ഉദ്ഘാടനം കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ ഓണാഘോഷത്തിന് എത്തിച്ചേർന്നതും അവരുമായി സംവദിച്ചതും അവർക്ക് നവ്യാനുഭവമായിരുന്നു. വിസിറ്റേഷൻ കോൺഗ്രിഗേഷൻ അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ സിസ്റ്റർ മേഴ്സിലിറ്റ് എസ്.വി.എം., ഫാ. അലക്സ് ആക്കപ്പറമ്പിൽ എന്നിവർ സന്ദേശങ്ങൾ നൽകി. ബി.സി.എം കോളേജ് വിദ്യാർത്ഥിനികളും വിസിറ്റേഷൻ സമൂഹാംഗങ്ങളും കലാപരിപാടികൾ അവതരിപ്പിച്ചു. ഓണസദ്യയോടൊപ്പം പങ്കെടുത്ത എല്ലാവർക്കും ഓണസമ്മാനവും നൽകുകയുണ്ടായി.

## മണിപ്പുരിലെ കലാപഭൂമിയിൽ സ്നേഹലേപനവുമായി എംഎസ്എംഐ സന്യാസിനികൾ

MSMI CONGREGATION

കണ്ണൂർ: അഭയാർഥി ക്യാമ്പുകളിലെ ഗദ്ഗദങ്ങളും ഏങ്ങലടിയും ഇനിയും അവസാനിക്കാത്ത മണിപ്പുരിലെ കലാപഭൂമിയിൽ സ്നേഹത്തിന്റെ സന്ദേശവുമായി അഞ്ചു സന്യാസിനികൾ. തലശേരി എംഎസ്എംഐ സാൻ ജോസ് പ്രോവിൻസിലെ സിസ്റ്റർ തെരേസ് കുറ്റിക്കാട്ടുകുന്നേൽ, സിസ്റ്റർ ടെസ മാനുവൽ, സിസ്റ്റർ ആൻമരിയ, സിസ്റ്റർ ജെമിലി മാത്യു, സിസ്റ്റർ റോസിയാ കുര്യൻ എന്നിവരാണ് മണിപ്പുരിലെ അഭയാർഥി ക്യാമ്പുകൾ സന്ദർശിച്ചത്. കാങ്പോക്പി ജില്ലയിലെ ഡിയലി, പാങ്മൗൾ എന്നീ ഗ്രാമങ്ങളും അഭയാർഥി ക്യാമ്പുകളും സന്ദർശിച്ച സന്യാസിനികൾ അവിടെയുള്ള കുട്ടികളെ ഒരുമിച്ചുകൂട്ടി ക്ലാസുകൾ എടുക്കുകയും പാട്ടുകൾ പഠിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനിശ്ചിതാവസ്ഥ തുടരുന്നതിനാൽ അഭയാർഥി ക്യാമ്പുകളോട് ചേർന്ന് കുട്ടികൾക്ക് നോട്ടുബുക്ക്, പേന തുടങ്ങിയ പഠനോപകരണങ്ങൾ നൽകി. ജനങ്ങൾക്ക് ഭക്ഷണസാധനങ്ങൾ, മരുന്ന്, വസ്ത്രം എന്നിവ വിതരണം ചെയ്ത സന്യാ



സിനികൾ ഗ്രാമവാസികളുടെ വീടുകൾ സന്ദർശിക്കുകയും അവരോടൊപ്പം താമസിക്കുകയും ചെയ്തു. ഡോക്ടർ കൂടിയായ സിസ്റ്റർ ജെമിലിയാണ് മെഡിക്കൽ ക്യാമ്പുകൾക്ക് നേതൃത്വം കൊടുത്തത്. നിസഹായരായ കുഞ്ഞുങ്ങളും സ്ത്രീകളും ഒരു നേരത്തെ ആഹാരത്തിന് വകയില്ലാതെ ക്യാമ്പുകളിൽ കഴിയുന്ന കാഴ്ച ദയനീയമാണെന്ന് സന്യാസിനികൾ പറയുന്നു. ഇംഫാൽ അതിരൂപതയുടെ നേതൃത്വത്തിൽ ക്യാമ്പുകളിലെ സേവന പ്രവൃത്തികളെ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഏകോപിപ്പിക്കുന്നുണ്ട്. മലയാളിയും എംഎസ്എഫ്എസ് കോൺഗ്രിഗേഷൻ അംഗവുമായ ഫാ. റോയി മൂത്തേടത്താണ് ക്യാമ്പുകൾ സന്ദർശിക്കാനും സഹായങ്ങളെത്തിക്കാനും ആവശ്യമായ നിർദേശങ്ങൾ നൽകി കൂടെയുണ്ടായിരുന്നത്. മൂകതയും ദുഃഖവും തളംകെട്ടി നിൽക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ ഉച്ചത്തിൽ പാട്ടുപാടിയും വിനോദങ്ങളിൽ പങ്കെടുത്തും കാരുണ്യത്തിന്റെ സന്ദേശം പങ്കുവയ്ക്കുകയായിരുന്നു സിസ്റ്റേഴ്സ്. തലശേരി എംഎസ്എംഐ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ആൻസി മാത്യുവിന്റെ പ്രോത്സാഹനമാണ് ഇത്തരമൊരു സാഹസികയാത്രയ്ക്ക് പ്രചോദനമായതെന്ന് സന്യാസിനികൾ പറഞ്ഞു.

## സിസ്റ്റർ മരിയ എലീസ മദർ ജനറൽ



ആലുവ: ഇറ്റലിയിലെ സിസ്റ്റേഴ്സ് ഓഫ് സെന്റ് അഗഥ സന്യാസിനീ സമൂഹത്തിന്റെ മദർ ജനറലായി സിസ്റ്റർ മരിയ എലീസ കരിപ്പക്കാട്ടിലിനെ തെരഞ്ഞെടുത്തു. 19-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഈ സന്യാസിനീ സമൂഹത്തിന്റെ ഇന്ത്യക്കാരിയായ ആദ്യ മദർ ജനറലാണ് സിസ്റ്റർ മരിയ എലീസ. പാലക്കാട് രൂപതയിൽ കരിമ്പ് ഇടവകയിൽ പരേതനായ ജോസഫ് ത്രേസ്യ ദമ്പതികളുടെ മകളാണ്.

## കക്കുകളി നാടകം പുനരവതരിപ്പിക്കാനുള്ള നീക്കം പ്രതിഷേധാർഹം

## വോയ്സ് ഓഫ് നൺസ്

കൊച്ചി: കടുത്ത പ്രതിഷേധങ്ങൾ മൂലം നിർത്തിവച്ചിരുന്ന 'കക്കുകളി' എന്ന നാടകം വീണ്ടും അരങ്ങിലെത്തിച്ചുകൊണ്ട് സന്യസ്തരെയും അവർ അനുവർത്തിച്ചു വരുന്ന ജീവിതരീതിയെയും നിഷ്കരുണം അവഹേളിക്കാൻ ശ്രമിക്കുന്നത് അപലപനീയമാണെന്ന് വോയ്സ് ഓഫ് നൺസ്. ക്രൈസ്തവ സാന്നിധ്യമില്ലാത്ത കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരണങ്ങൾ നടത്തിയ പ്രസ്തുത നാടകത്തിനെതിരെ കേരളമെമ്പാടും വലിയ പ്രതിഷേധങ്ങൾ അരങ്ങേറുകയുണ്ടായി. അതിന്റെ ഫലമായി നാടകത്തിന്റെ അവതരണം അവസാനിപ്പിക്കുവാൻ ആലപ്പുഴ പറവൂർ പബ്ലിക് ലൈബ്രറിയുടെ ഭാഗമായ നൈതൽ നാടകസംഘം തീരുമാനിച്ചിരുന്നു. എന്നാൽ, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേര് പറഞ്ഞ് ചിലർ ഈ നാടകം വീണ്ടും അരങ്ങിലെത്തിക്കാൻ ശ്രമിക്കുകയാണ്. വിശ്വാസിസമൂഹം പവിത്രമായി കാണുന്ന സന്യാസജീവിതത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ ഈ സമൂഹത്തിന്റെ പൊതുബോധത്തിൽ ഉറപ്പിക്കാനുള്ള ശ്രമങ്ങളെ ഒറ്റക്കെട്ടായി എതിർക്കുമെന്ന് വോയ്സ് ഓഫ് നൺസ് പ്രസ്താവിച്ചു. ഇന്ത്യയിൽ വിവിധ ഭാഗങ്ങളിൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരോട് അനുഭാവം പ്രകടിപ്പിക്കുന്നു എന്ന് അവകാശപ്പെടുന്ന രാഷ്ട്രീയപ്പാർട്ടികളുടെ വിവിധ പോഷക സംഘടനകൾ വഴിയായി നടത്തുന്ന ഇത്തരം അവഹേളനങ്ങളും ക്രൈസ്തവ പീഡനം തന്നെയാണ്. ഇത്തരം നീക്കങ്ങളിൽനിന്നും എല്ലാവരും പിന്തിരിയണമെന്നും പരസ്പര ആദരവോടെയും സഹകരണത്തോടെയും മുന്നോട്ടുപോകണമെന്നും അഭ്യർത്ഥിക്കുന്നതായി വോയ്സ് ഓഫ് നൺസ് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

## കുഞ്ഞേട്ടൻ അനുസ്മരണം നടത്തി

ചങ്ങനാശ്ശേരി: ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക നേതാവായ കുഞ്ഞേട്ടൻ എന്ന പേരിൽ അറിയപ്പെടുന്ന പി.സി. എബ്രഹാം പല്ലാട്ടുകുന്നേലിന്റെ പതിനാലാം ചരമ വാർഷികത്തോടനുബന്ധിച്ച് അനുസ്മരണ സമ്മേളനം നടത്തി. ചെറുപുഷ്പ മിഷൻ ലീഗ് അന്തർദേശിയ സമിതിയുടെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ മീറ്റിങ്ങിൽ മിഷൻ ലീഗ് പ്രസിഡന്റ് ഡേവിസ് വല്ലൂരാൻ അധ്യക്ഷത വഹിച്ചു.




സിറോമലബാർസഭയുടെ വൊക്കേഷൻ കമ്മീഷൻ ചെയർമാനും മിഷൻ ലീഗിന്റെ സഹരക്ഷാധികാരിയുമായ ബിഷപ്പ് മാർ ലോറൻസ് മുക്കുഴി സമ്മേളനം ഉദ്ഘാടനം ചെയ്തു. മിഷൻ ലീഗിന്റെ പ്രഥമ ഇന്ത്യൻ ദേശിയ പ്രസിഡന്റായിരുന്ന റിട്ടയേർഡ് ജസ്റ്റിസ് കുര്യൻ ജോസഫ്, കുഞ്ഞേട്ടൻ അനുസ്മരണ പ്രഭാഷണം നടത്തി. മിഷൻ ലീഗ് അന്തർദേശിയ ഡയറക്ടർ ഫാ. ജെയിംസ് പുന്നപ്ലാക്കൽ, ജനറൽ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, ജനറൽ ഓർഗനൈസർ ജോൺ കൊച്ചുചെറുനിലത്ത് എന്നിവർ സംസാരിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള മിഷൻ ലീഗിന്റെ ഭാരവാഹികളും പ്രതിനിധികളും മീറ്റിംഗിൽ പങ്കെടുത്തു.

# സിനഡ് കമ്മിറ്റിയുടെ ചർച്ചയുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കരുത്: സീറോമലബാർസഭ പി.ആർ.ഒ.

03-ാം പേജിൽ നിന്നും തുടർച്ച

ആയതിനാൽ, വാസ്തവവിരുദ്ധമായ പ്രചരണങ്ങൾ നടത്തി വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നവർ അത്തരം നടപടികളിൽനിന്നും പിന്മാറേണ്ടതാണ്.

അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നിർദ്ദേശപ്രകാരം 2023 ജനുവരി മാസത്തിൽ നടന്ന സിനഡ് നിയോഗിച്ച ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ നേതൃത്വത്തിലുള്ള ആറംഗ മെത്രാൻ സമിതിയും തുടർചർച്ചകൾക്കായി നിയോഗിക്കപ്പെട്ട അല്മായപ്രമുഖരും വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായി. പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ഒന്നാംഘട്ട ദൗത്യ പൂർത്തീകരണത്തിനുശേഷം നടന്ന ഓഗസ്റ്റ് മാസത്തിലെ സിനഡിൽ അദ്ദേഹത്തിന്റെ ദൗത്യങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡു തീരുമാനിച്ചിരുന്നു. മാർ ബോസ്കോ പുത്തൂർ പിതാവിന്റെ നേതൃത്വത്തിൽ 9 മെത്രാന്മാരടങ്ങിയ സമിതി ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയെ എതിർക്കുന്നവരും അനുകൂലിക്കുന്നവരുമായി പതിനാറു തവണ ചർച്ചകൾ നടത്തി. അതിരൂപതാ കൂരിയായിലെ അംഗങ്ങളുമായും ഫൊറോനാ വികാരിമാരുമായും വൈദിക സമിതി (Presbyteral Council) അംഗങ്ങളുമായും അഡ്ഹോക്ക് കമ്മിറ്റി അംഗങ്ങളുമായും വിവിധ അല്മായ സംഘടനാ പ്രതിനിധികളുമായും വിശദമായ ചർച്ചകൾ നടന്നു.

ഏകീകൃത വിശുദ്ധകുർബാനയർപ്പണരീതിയുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികൾക്കു ശാശ്വതമായ പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് ചർച്ചകൾ തുടർന്നത്. സീറോമലബാർ സഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹികസിംഹാസനം അംഗീകരിച്ചതും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി എറണാകുളം-അങ്കമാലി അതിരൂപതയിൽ ആത്യന്തികമായി നടപ്പിലാക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു മാറ്റവുമില്ലെന്ന് ആവർത്തിച്ചു വ്യക്തമാക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രത്യേക സാഹചര്യത്തിൽ ഏകീകൃത വിശുദ്ധ കുർബാനയർപ്പണം എങ്ങനെ നടപ്പിൽ വരുത്തണം എന്നത് മാത്രമായിരുന്നു ചർച്ചാവിഷയം. ഏതെങ്കിലും ഒരു രൂപതയിൽ ഇതു നടപ്പിലാക്കാൻ പ്രതിസന്ധി നേരിടുന്നു എന്നതു മേല്പറഞ്ഞ തീരുമാനത്തെ യാതൊരു വിധത്തിലും അസ്ഥിരപ്പെടുത്തുകയോ അസാധുവാക്കുകയോ ചെയ്യുന്നില്ല. ഈ സത്യം മനസിലാക്കി എറണാകുളം-അങ്കമാലി അതിരൂപതയിലും ഏകീകൃത വിശുദ്ധ കുർബാനയർപ്പണത്തെക്കുറിച്ചുള്ള സിനഡു തീരുമാനം നടപ്പിലാക്കി സഭാകൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളിൽ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കത്തോലിക്കാ സഭാകൂട്ടായ്മയെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്ന സംഘടനകളുടെയും വ്യക്തികളുടെയും നിക്ഷിപ്തതാല്പര്യങ്ങൾ മനസ്സിലാക്കി എല്ലാവരും ഉണർന്നുപ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

അഭിപ്രായാന്തരങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾക്ക് വിഘാതമാകുന്ന പ്രസ്താവനകളിൽനിന്നും ഇടപെടലുകളിൽനിന്നും എല്ലാവരും വിട്ടുനിൽക്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മറന്നു നമുക്ക് ഒരു മനസ്സോടെ മുന്നോട്ട് നീങ്ങാം. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതിൽ അഭിപ്രായസമന്വയത്തിനായി പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ സഭയുടെ മനസ്സു തിരിച്ചറിഞ്ഞ് എല്ലാവരും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് സീറോമലബാർസഭ പി.ആർ.ഒ.യും മീഡിയാ കമ്മീഷൻ സെക്രട്ടറിയുമായ ഫാ. ഡോ. ആന്റണി വടക്കേകര വി.സി അഭ്യർത്ഥിച്ചു.

## പൊന്തിഫിക്കൽ ഡെലഗേറ്റ് മാർപാപ്പയെ സന്ദർശിച്ചു



എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി മാർപാപ്പ നിയോഗിച്ച പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ച്ബിഷപ് സിറിൽ വാസിൽ ഓഗസ്റ്റ് 23-ാം തിയതി വത്തിക്കാനിൽ മാർപാപ്പയുമായി കൂടിക്കാഴ്ച്ച നടത്തി. ഓഗസ്റ്റ് 4 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ അദ്ദേഹം നടത്തിയ സന്ദർശനത്തെക്കുറിച്ചും അതിരൂപതയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെകുറിച്ചും പരിശുദ്ധ പിതാവിനെ അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയിലെ വിവിധ വിഭാഗങ്ങളിൽപെട്ടവരുമായി പൊന്തിഫിക്കൽ ഡെലഗേറ്റ് ചർച്ച നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. മാർപാപ്പയുടെയും പൗരസ്ത്യ തിരുസംഘത്തിന്റെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ മാർപാപ്പ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഓറിയന്റൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിക്കും അതിരൂപതയുടെ പ്രതിസന്ധികളെക്കുറിച്ച് വിശദമായ റിപ്പോർട്ട് ആർച്ച്ബിഷപ് വാസിൽ നൽകിയിട്ടുണ്ട്. ഏകീകൃത വി. കുർബാനയർപ്പണരീതിയെക്കുറിച്ചുള്ള സീറോമലബാർ സിനഡിന്റെയും മാർപാപ്പയുടെയും തീരുമാനം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള തന്റെ ദൗത്യം തുടരുമെന്നും പൊന്തിഫിക്കൽ ഡെലഗേറ്റ് അറിയിച്ചു.

## ജസ്റ്റിസ് കുര്യൻ ജോസഫിന് സഭയുടെ മറുപടി

വിശ്വാസികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതും പൊതുസമൂഹത്തിൽ സഭാസംവിധാനങ്ങളെക്കുറിച്ച് അവമതിപ്പുണ്ടാക്കുന്നതുമായ ഒരു പ്രസംഗം എറണാകുളം-അങ്കമാലി അതിരൂപതയിലെ മുട്ടം ഫോറാനാ പള്ളിയിൽ നടന്ന ഒരു ചടങ്ങിൽ സുപ്രീം കോടതി മുൻ ജസ്റ്റിസ് കുര്യൻ ജോസഫ് സാർ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു. പ്രസംഗത്തിലെ പ്രതിപാദനവിഷയത്തെക്കുറിച്ച് സീറോമലബാർസഭ പി.ആർ.ഒ.യും മീഡിയാ കമ്മീഷൻ സെക്രട്ടറിയുമായ ഫാ. ഡോ. ആന്റണി വടക്കേകര വി.സി നൽകിയ വിശദീകരണം.

1. പരിശുദ്ധ മാർപാപ്പ വിളിച്ചുകൂട്ടുന്ന സാർവത്രിക സഭയിലെ മെത്രാൻ സിനഡും സീറോമലബാർസഭയുൾപ്പെടുന്ന പൗരസ്ത്യ സഭകളിലെ ഭരണസംവിധാനമായ മെത്രാൻ സിനഡും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാതെയാണ് സിനഡു സമ്മേളനങ്ങളെക്കുറിച്ചും ഏകീകൃത വിശുദ്ധകുർബാനയർപ്പണത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചതെന്ന് വ്യക്തമാണ്. ആഗോളസഭാ സിനഡിൽ പരിശുദ്ധ പിതാവ് തീരുമാനിക്കുന്ന പ്രകാരം മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

2. പൗരസ്ത്യസഭകളിലെ പ്രത്യേക ഭരണസംവിധാനമായ സഭാസിനഡിൽ മെത്രാന്മാർ മാത്രമാണ് അംഗങ്ങൾ (c. 102 § 1). ഇത് പരിശുദ്ധ പിതാവ് അംഗീകരിച്ചു നൽകിയ സഭാ നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സംവിധാനമാണ്.

3. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമം c. 102 § 3 പ്രത്യേക സന്ദർഭങ്ങളിൽ ക്ഷണിതാക്കളായി വിശ്വാസികളുടെ പ്രതിനിധികൾക്ക് സിനഡിൽ പങ്കെടുക്കാൻ അവസരം നൽകുന്നുണ്ട്. സീറോമലബാർസഭയുടെ മെത്രാൻ സിനഡിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരെയും സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരെയും പ്രത്യേക ക്ഷണിതാക്കളായി വിളിക്കുകയും അവരെ ശ്രവിക്കുകയും ചെയ്യാറുണ്ട്.

4. 1996ൽ റോമിൽ നടന്നത് സീറോമലബാർ സിനഡിന്റെ ഒരു പ്രത്യേക സമ്മേളനമായിരുന്നു. അതിൽ ക്ഷണിതാക്കളിലൊരാളായി മാത്രമാണ് ജസ്റ്റിസ് കുര്യൻ ജോസഫ് പങ്കെടുത്തത്. അന്ന് റോമിൽ നടന്ന സിനഡു സമ്മേളനം മാത്രമാണ് യഥാർത്ഥ സിനഡെന്നു പ്രചരിപ്പിക്കുന്നത് വസ്തുതാവിരുദ്ധമാണ്.

5. ആരാധനാക്രമവിഷയങ്ങളിൽ അന്തിമ തീരുമാനമെടുക്കാനുള്ള അധികാരം പൗരസ്ത്യ സഭാ ഭരണസംവിധാനത്തിൽ മെത്രാൻ സിനഡിൽ മാത്രം നിക്ഷിപ്തമാണ് (c. 110 § 1 & c. 150 § 2).

6. പൗരസ്ത്യസഭാ ഭരണസംവിധാനത്തിൽ മെത്രാന്മാരും, വൈദിക-സമർപ്പിത-അല്മായ പ്രതിനിധികളും ഉൾപ്പെടുന്ന സമ്മേളനമാണ് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസ്സംബ്ലി. സഭാ ജീവിതത്തെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്ന വേദിയാണത്.

പേജ് 12

# സിനഡനന്തര സർക്കുലർ

05-ാം പേജിൽ നിന്നും തുടർച്ച

'കാലാനുസൃതമായ സഭാ ജീവിതവും ദൗത്യവും സീറോമലബാർസഭയിൽ' എന്നതാണ് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം. ഇടവക-രൂപത തലങ്ങളിലും സന്യാസ സമൂഹങ്ങളിലും ഈ വിഷയത്തെക്കുറിച്ചുള്ള മാർഗരേഖയുടെ അടിസ്ഥാനത്തിൽ സഭാംഗങ്ങളെല്ലാവരും ക്രിയാത്മകമായ ചർച്ചകൾ നടത്തണം. നിങ്ങളുടെ ചർച്ചകളിൽ ഉരുത്തിരിയുന്ന ആശയങ്ങളെ ക്രോഡീകരിച്ചുകൊണ്ട് അസംബ്ലിക്കുള്ള പ്രവർത്തനരേഖ തയ്യാറാക്കുന്നതാണ്. സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണവും പ്രാർത്ഥനയും ആവശ്യമാണ്.

## വെബ്സൈറ്റിന്റെ ഉദ്ഘാടനം

നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ കൂടുതൽ ദൃശ്യമാക്കുന്നതിന്റെ ഭാഗമായി സീറോമലബാർസഭയുടെ നവീകരിച്ച വെബ്സറ്റൈ (www.syromalabarchurch.in) സിനഡിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. സീറോമലബാർസഭയെക്കുറിച്ചും സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഇവിടെ ലഭ്യമാകുന്ന വിവരങ്ങൾ നിങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ.

## ഗോരഖ്പൂർ രൂപതയ്ക്ക് പുതിയ ഇടയൻ

സീറോമലബാർസഭയുടെ ഗോരഖ്പൂർ രൂപതയുടെ പുതിയ ഇടയനായി ചെറുപുഷ്പ സന്യാസ സമൂഹാംഗമായ ഫാ. മാത്യു നെല്ലിക്കുന്നേൽ CSTയെ മാർപാപ്പ നിയമിച്ചു. നിയുക്ത മെത്രാനും ഗോരഖ്പൂർ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദനങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. കഴിഞ്ഞ പതിനേഴു വർഷമായി ഗോരഖ്പൂർ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ മാർ തോമസ് തുരുത്തിമറ്റം CST പിതാവിനോട് സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ച് ഗോരഖ്പൂർ രൂപതയ്ക്കും പിതാവിന്റെ ശ്ലൈഹികശുശ്രൂഷ അനുഗ്രഹമായിരുന്നു.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

**കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023 – ാം ആണ്ട് ഓഗസ്റ്റ് മാസം 26 – ാം തീയതി നൽകപ്പെട്ടത്.**

## കത്തോലിക്ക കോൺഗ്രസ് എന്നും സഹായഹസ്തം




ദുബായ്: യുഎഇയിൽ ശക്തിപ്പെട്ടു വരുന്ന കത്തോലിക്ക കോൺഗ്രസ് അർഹതപ്പെട്ടവർക്ക് സഹായഹസ്തമായി പ്രവർത്തിക്കുമെന്ന് ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ. ദുബായ് സെന്റ് മേരീസ് പള്ളിയിൽ കത്തോലിക്കാ കോൺഗ്രസിൻറെ നേതൃത്വത്തിൽ നടന്ന ലൈഫ് അംഗത്വ കാമ്പയിൻ സർട്ടിഫിക്കറ്റ് വിതരണവും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യുഎഇയിലെ കത്തോലിക്കാ കോൺഗ്രസ് ഘടകങ്ങൾ നടത്തുന്ന ജോബ് പോർട്ടൽ, ബോഡി റീപാട്രിയേഷൻ എന്നീ കെയർ യൂണിറ്റുകൾ മാതൃകാപരമാണെന്നും ബിഷപ് പറഞ്ഞു. മുന്നൂറോളം അംഗങ്ങൾ ലൈഫ് മെമ്പർഷിപ് സർട്ടിഫിക്കറ്റുകൾ ബിഷപ്പിൽനിന്ന് ഏറ്റുവാങ്ങി.

സംഘടനാ പ്രവർത്തങ്ങളിൽ 25 വർഷം പൂർത്തീകരിച്ച ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തെ ചടങ്ങിൽ ആദരിച്ചു. യുഎഇ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് അഡ്വ. ബെന്നി മാത്യു അധ്യക്ഷത വഹിച്ചു.

ഗ്ലോബൽ സെക്രട്ടറി രഞ്ജിത് ജോസഫ്, ഫാ. വർഗീസ് കോഴിപ്പാടൻ, രാജീവ് ഏബ്രഹാം, ജോസ് ആന്റണി, കെ.ഡി. രജീഷ്, സണ്ണി ജോൺ, മാത്യു പോൾ, മനോജ് തോമസ്, ജോസഫ് കുഞ്ഞ്, റോണി മാത്യു, ദീപു സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

### ന്യൂനപക്ഷ ഫണ്ട് തിരിമറിയിൽ കർശന നടപടി വേണമെന്ന് കത്തോലിക്കാ കോൺഗ്രസ്

കൊച്ചി: ന്യൂനപക്ഷ ഫണ്ട് തിരിമറിയിൽ കുറ്റക്കാർക്കെതിരേ കർശന നടപടി സ്വീകരിക്കണമെന്നു കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി. കേന്ദ്രസർക്കാർ ന്യൂനപക്ഷങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ട് ദുർവിനിയോഗം ചെയ്യുകയും, നീതിരഹിതമായ രീതിയിൽ കോടിക്കണക്കിന് രൂപ അനർഹരുടെ കൈയിൽ വ്യാജ ബാങ്ക് അക്കൗണ്ടുകൾ വഴി എത്തുകയും ചെയ്തതു വലിയ നാണക്കേടാണ്.

എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും ഒരേപോലെ അവകാശപ്പെട്ട ഫണ്ടാണ് അഴിമതിക്കാരും സ്വജനപക്ഷവാദികളുമായ ചില ഉദ്യോഗസ്ഥരുടെയും അവർക്ക് ഒത്താശ ചെയ്യുന്ന ബാങ്കുകളുടെയും നേതൃത്വത്തിൽ ദുർവിനിയോഗം ചെയ്തിരിക്കുന്നതെന്നും അവർ കുറ്റപ്പെടുത്തി. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര ഇടപെടലുകൾ ഉണ്ടാകണം. കേന്ദ്ര ഏജൻസികൾ സമഗ്രമായ അന്വേഷണം നടത്തി നിയമനടപടികൾ ഉറപ്പുവരുത്തണം. ന്യൂനപക്ഷ സ്കോളർഷിപ്പുകൾ എല്ലാ ന്യൂനപക്ഷങ്ങൾക്കും ഒരേ പോലെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണമെന്ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.



# കൂട്ടായ്മയ്ക്കുവേണ്ടിയുള്ള സിനഡ് പിതാക്കന്മാരുടെ സംയുക്ത ആഹ്വാനം

03-ാം പേജിൽ നിന്നും തുടർച്ച

എറണാകുളം-അങ്കമാലി അതിരൂപതാ അംഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡ് സന്നദ്ധമാണ്. സംഭാഷണം സുഗമമാക്കാൻ മാർ ബോസ്കോ പുത്തൂർ (കൺവീനർ), ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ജോസ് ചിറ്റൂപ്പറമ്പിൽ സിഎംഐ, മാർ എഫ്രേം നരികുളം, മാർ ജോസ് പുത്തൻവീട്ടിൽ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിന്നുള്ള അഞ്ച് ബിഷപ്പുമാരാണ് ചർച്ചയ്ക്ക് തുടക്കമിടുന്നത്. ചർച്ചകൾക്കുള്ള നിർദ്ദേശങ്ങൾ ഇവയാണ്:

1. എറണാകുളം-അങ്കമാലി അതിരൂപത നിലവിൽ പൊന്തിഫിക്കൽ ഡെലഗേറ്റിന്റെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെയും കീഴിലായതിനാൽ പേപ്പൽ ഡെലഗേറ്റ് മുഖേന പരിശുദ്ധ പിതാവിന്റെ സമ്മതത്തോടെ മാത്രമേ പരിഹാരത്തിനുള്ള ഏതു നിർദ്ദേശവും നടപ്പിലാക്കാൻ കഴിയൂ.

2. വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കുന്നത് സംബന്ധിച്ച് 2022 മാർച്ച് 25ലെ കത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ തന്ന ഉദ്ബോധനം അനുസരിക്കാൻ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർ തയ്യാറാകണം.

3. ഏകീകൃത കുർബാനയർപ്പണരീതി ക്രമാനുഗതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കത്തീഡ്രൽ ബസിലിക്ക, പരിശീലനകേന്ദ്രങ്ങൾ, സന്യാസ ഭവനങ്ങൾ, തീർഥാടനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഏകീകൃത രീതിയിലുള്ള കുർബാനയർപ്പണം ആരംഭിക്കേണ്ടതാണ്.

4. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതിനുവേണ്ടി ബോധവത്കരണത്തിനായി നിശ്ചിതസമയം ആഗ്രഹിക്കുന്ന ഇടവകകൾ കാനോനികമായ ഒഴിവ് (CCEO 1538) വാങ്ങേണ്ടതാണ്.

5. ഏകീകൃത വിശുദ്ധ കുർബാനയർപ്പിക്കുന്ന വൈദികർക്കും അപ്രകാരം അർപ്പിക്കാൻ ആഗ്രഹിക്കുന്ന വൈദികർക്കും യാതൊരു വിധത്തിലുമുള്ള തടസ്സങ്ങളും സൃഷ്ടിക്കാൻ പാടില്ല.

6. എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇടവകകളോ സ്ഥാപനങ്ങളോ സന്ദർശിക്കുന്ന മെത്രാൻമാർക്ക് വിശുദ്ധ കുർബാന ഏകീകൃത രീതിയിൽ അർപ്പിക്കുന്നതിന് തടസ്സമുണ്ടാകരുത്. ഇത്തരം അവസരങ്ങളിൽ എല്ലാ ഇടവക വൈദികരും അതത് ദേവാലയങ്ങളിൽ വിശുദ്ധ കുർബാന ഏകീകൃത രീതിയിൽ അർപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

7. വിശുദ്ധ കുർബാനയർപ്പണങ്ങളിൽ പരിശുദ്ധ മാർപാപ്പ, മേജർ ആർച്ച്ബിഷപ്പ്, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്നിവരുടെ പേരുകൾ അനുസ്മരിക്കേണ്ടതാണ്.

പ്രിയ വൈദിക സഹോദരങ്ങളേ, പരിശുദ്ധ പിതാവ് തന്റെ പ്രത്യേക പ്രതിനിധിയായ പൊന്തിഫിക്കൽ ഡെലഗേറ്റിലൂടെ നമ്മോട് ആവശ്യപ്പെട്ട വിധേയത്വം തിരസ്കരിക്കുന്നത് വേദനാജനകമായ നടപടികളിലേക്ക് നയിക്കുമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മറന്ന് നമുക്ക് ഒരു മനസ്സോടെ മുന്നോട്ട് നീങ്ങാം. എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ബലിവേദി നമ്മുടെ കൂട്ടായ്മയുടെ ഉറവിടമാകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈശോയുടെ തിരുഹൃദയത്തിനും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും നിങ്ങളെ ഭരമേല്പിക്കുന്നു.

# ഏഷ്യൻ പ്രതിനിധി സമ്മേളനം സമാപിച്ചു

തായ്‌ലൻഡ്: 'സിനഡാത്മക സഭയുടെ രൂപീകരണം ഏഷ്യയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി തായ്‌ലൻഡിലെ മഹാതായ കൺവെൻഷൻ സെന്ററിൽ ഏഷ്യൻ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിനിധി സമ്മേളനം സമാപിച്ചു. ഫ്രാൻസിസ് മാർപാപ്പ 2023 ഒക്ടോബറിലേക്ക് വിളിച്ചു കൂട്ടിയ സിനഡിലും വീണ്ടും റോമിൽ 2024 ഒക്ടോബറിൽ വിളിച്ചുകൂട്ടാനിരിക്കുന്നതുമായ സിനഡിന് ഒരുക്കമായി ഏഷ്യൻ സഭയിൽ നടന്ന വിവിധ ചർച്ചാ സമ്മേളനങ്ങളുടെ തുടർച്ചയാണ് സെപ്റ്റംബർ 11-14 തീയതികളിൽ തായ്‌ലൻഡിൽ നടന്നത്. സമകാലീന കാലഘട്ടത്തിൽ സഭ തന്നെ ഭരമേൽപ്പിച്ചിരിക്കുന്ന വിവിധ ദൗത്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതിന്റെ ആവശ്യകത സമ്മേളനം ഓർമ്മിപ്പിച്ചു.

പ്രപഞ്ചം എന്ന നമ്മുടെ പൊതുഭവനം സംരക്ഷിക്കപ്പെടണം. സഭയിൽ സ്ത്രീകളുടെയും യുവജനങ്ങളുടെയും പാവപ്പെട്ടവരുടെയും സ്വരങ്ങൾ ശ്രവിക്കപ്പെടണം. ഏഷ്യയിലെ സഭ സമാധാനത്തിന്റെയും സംഭാഷണങ്ങളുടെയും സഭയാകണം. ദേശങ്ങൾ തമ്മിലും സംസ്കാരങ്ങൾ തമ്മിലും സമാധാനത്തിന്റെ പാത തുറക്കാനുള്ള ശ്രമങ്ങൾക്ക് സഭ മുൻപന്തിയിൽ നിൽക്കണം. പുതിയ കാലത്തിന്റെ വെല്ലുവിളികളും ഡിജിറ്റൽ ലോകത്തിന്റെ സ്പന്ദനങ്ങളും മനസിലാക്കി ഏഷ്യൻ ഭൂഖണ്ഡത്തിന് പുതിയ ദിശാബോധവും ആത്മീയ രൂപീകരണവും നൽകുവാൻ സഭ മുൻപന്തിയിൽ നിൽക്കും എന്ന പ്രഖ്യാപനത്തോടെ മൂന്നു ദിവസത്തെ സമ്മേളനം സമാപിച്ചു.

ഏഷ്യയിലെ 17 രാജ്യങ്ങളിൽ നിന്നുള്ള 73 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ സീറോമലബാർസഭയെ പ്രതിനിധീകരിച്ച് കുടുംബത്തിനും അൽമായർക്കും ജീവനും വേണ്ടിയുള്ള കമ്മീഷൻ ജനറൽ സെക്രട്ടറി റവ. ഡോ. ജോബി ആന്റണി മൂലയിൽ, തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ.മേരി റെജീന എന്നിവർ പങ്കെടുത്തു.

## വിശ്വാസപരിശീലന സെമിനാറുകൾ സംഘടിപ്പിച്ചു

സീറോമലബാർസഭയുടെ വിശ്വാസപരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ രാജ്കോട്ട് രൂപതയിലെയും തക്കല രൂപതയിലെയും മതബോധന അധ്യാപകർക്കായി സെമിനാറുകൾ സംഘടിപ്പിച്ചു. ഓഗസ്റ്റ് 15,16 തീയതികളിൽ രാജ്കോട്ട് രൂപതയിൽ നടന്ന സെമിനാർ വികാരി ജനറൽ റവ.ഡോ. ജോയിച്ചൻ പറഞ്ഞാട്ട് ഉദ്ഘാടനം ചെയ്തു. 70 അധ്യാപകർ പങ്കെടുത്തു.

സെപ്റ്റംബർ 6ന് തക്കല രൂപതയിൽ നടന്ന സെമിനാർ വികാരി ജനറൽ ഫാ. തോമസ് പവ്വത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. 400 അധ്യാപകർ പങ്കെടുത്തു. വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത് സെമിനാറുകൾക്ക് നേതൃത്വം നൽകി.



## മാർ പവ്വത്തിൽ പിതാവിനെക്കുറിച്ചുള്ള ‘നല്ലോർമ’ പ്രകാശനം ചെയ്തു

ചങ്ങനാശേരി അതിരൂപത



ചങ്ങനാശേരി: മാർ പവ്വത്തിലിനെക്കുറിച്ചുള്ള ഓർമകളുടെ താരാപഥം ‘നല്ലോർമ’ എന്ന സ്മരണിക ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പ്രകാശനം ചെയ്തു. തലമുറകൾക്ക് ദിശാബോധം പകർന്ന ശ്രേഷ്ഠാചാര്യനായ മാർ പവ്വത്തിലിന്റെ ഓർമകൾ സമൂഹത്തിൽ ദീപ്തമായി നിലകൊള്ളുമെന്ന് അദ്ദേഹം പറഞ്ഞു. ചങ്ങനാശേരി ആർച്ച്ബിഷപ്സ് ഹൗസിലെ മീഡിയാ റൂമിൽ നടന്ന ചടങ്ങിലാണ് പ്രകാശകർമം നടന്നത്. അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ, ഷംഷാബാദ് സഹായമെത്രാൻ മാർ തോമസ് പാടിയത്ത്, കുടുംബജ്യോതി എഡിറ്റർ റവ.ഡോ. ജോസ് തെക്കേപ്പുറത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

## സാമൂഹ്യ പ്രവർത്തനം പങ്കുവെയ്ക്കുന്ന സമൂഹത്തെ സൃഷ്ടിക്കണം: മാർ പണ്ടാരശ്ശേരിൽ

കോട്ടയം അതിരൂപത

കണ്ണൂർ : സാമൂഹ്യ പ്രവർത്തനം ഉത്തരവാദിത്തവും ചുമതലയുമായി ഏറ്റെടുത്ത് നടത്തുന്ന രീതിയിലുള്ള സമൂഹത്തിന് ഇന്ന് ഏറെ പ്രസക്തിയുണ്ടെന്ന് കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ.

കണ്ണൂർ ശ്രീപുരം പാസ്റ്ററിൽ സെൻററിൽ നടന്ന കോട്ടയം അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വാർഷിക ജനറൽ ബോഡി യോഗത്തിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു മാർ ജോസഫ് പണ്ടാരശ്ശേരിൽ. സമൂഹ്യ പ്രവർത്തനം നടത്തുമ്പോൾ തന്നെ ഇതുപോലുള്ള വരും തലമുറയെ കൂടി വാർത്തെടുക്കാനും നമുക്ക് സാധിക്കണമെന്നും മാർ പണ്ടാരശ്ശേരിൽ പറഞ്ഞു.

സെക്രട്ടറി ഫാ. സിബിൻ കൂട്ടക്കല്ലുങ്കൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വിവിധ ഏജൻസികളുടെ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചു. വയോജന ക്ഷേമപദ്ധതികൾ, കാർഷിക മേഖലയുടെ പ്രോത്സാഹനത്തിന് വേണ്ട കർമപദ്ധതികൾ എന്നിവയും തയാറാക്കി.

സൊസൈറ്റി വൈസ് പ്രസിഡൻറ് ഫാ. ജോയി കട്ടിയാങ്കൽ സ്വാഗതം പറഞ്ഞു. കോട്ടയം അതിരൂപതയുടെ വിസിറ്റേഷൻ സെന്റർ, സെന്റ് ജോസഫ് കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സന്യാസിനി സമൂഹങ്ങളുടെ സുപ്പിരിയേഴ്സ്, മാസ് ഭരണ സമിതി അംഗങ്ങൾ, സ്റ്റാഫ് അംഗങ്ങൾ, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയുടെ കോഓർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ് എന്നിവർ പങ്കെടുത്തു.

## പ്രത്യാശയിൽ തീർത്ഥാടനം പൂർത്തിയാകണം –മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപത

കാഞ്ഞിരപ്പള്ളി: പ്രത്യാശയോടെ തീർത്ഥാടനം പൂർത്തിയാക്കുവാൻ ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ച് ജീവിതത്തെ അർത്ഥപൂർണ്ണമാക്കണമെന്ന് മാർ ജോസ് പുളിക്കൽ. കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഉപ്പുതറയിൽ നടത്തപ്പെട്ട ഹൈറേഞ്ച് മേഖല മരിയൻ തീർത്ഥാടനത്തോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബ്ബാനയിൽ സന്ദേശം നല്കുകയായിരുന്നു. വ്യത്യസ്തമായ സാഹചര്യങ്ങളിൽ ദൈവത്തിൽ ഉത്തരം കണ്ടെത്തുന്നവരാകുവാൻ നമുക്കാവണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.



രാവിലെ 9.30ന് തദ്ദേവൂസ്പള്ളിയുടെ മുമ്പിൽ ഉപ്പുതറ സെന്റ് മേരീസ് ഫൊറോന പള്ളിവികാരി ഫാ. ഡൊമിനിക് കാഞ്ഞിരത്തിനാൽ രൂപത ചെറുപുഷ്പ മിഷൻ ലീഗ് പ്രസിഡണ്ട് മാത്യു മരങ്ങാട്ടിന് പതാക കൈമാറിക്കൊണ്ട് മരിയൻ റാലി ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ജപമാല പ്രദക്ഷിണത്തിൽ ഹൈറേഞ്ച് മേഖലയിലെ അഞ്ച് ഫൊറോനകളിൽ നിന്നുള്ള ആയിരക്കണക്കിന് കുഞ്ഞുമിഷനറിമാർ അണിനിരന്നു. പതിനൊന്ന് മണിക്ക് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ നടന്ന വിശുദ്ധ കുർബാനയ്ക്ക് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ മുഖ്യകാർമികനായിരുന്നു. ഹൈറേഞ്ച് മേഖലയിലെ ഫൊറോനാ ഡയറക്ടർമാർ സഹകാർമികരായി. തുടർന്ന് നടന്ന നേർച്ച ഭക്ഷണത്തോടെ മരിയൻ തീർത്ഥാടനം സമാപിച്ചു.

ഉപ്പുതറ ഫൊറോന വികാരി ഫാ. ഡൊമിനിക് കാഞ്ഞിരത്തിനാൽ, അസിസ്റ്റന്റ് വികാരി ഫാ.ജോസഫ് ആലപ്പാട്ട്കുന്നേൽ (Jr), രൂപത വിശ്വാസ ജീവിത പരിശീലന ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ, കാഞ്ഞിരപ്പള്ളി രൂപത മിഷൻ ലീഗ് ഓർഗനൈസിംഗ് പ്രസിഡണ്ട് ശ്രീ അരുൺ പോൾ കോട്ടയ്ക്കൽ, വൈസ് പ്രസിഡണ്ട് അനിറ്റ തെങ്ങനാക്കുന്നേൽ, ഓർഗനൈസർ അലൻ ജോളി പടിഞ്ഞാറേക്കര, ഹൈറേഞ്ച് മേഖല ഓർഗനൈസർ ജോബിൻ ജോൺ വരിക്കമാക്കൽ, ശ്രീ മാത്യൂസ് മടുക്കക്കുഴി, ശ്രീ ഷാജി ഇടത്തിൽ ശ്രീ രാജു കാളിയത്ത്, ബ്രദർ കെവിൻ ഉറുമ്പിൽ തുടങ്ങിയവർ മരിയൻ തീർത്ഥാടനത്തിന് നേതൃത്വം നൽകി.

## മിഷൻ ലീഗ് ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സര വിജയികൾ

ചിക്കാഗോ രൂപത



ഐഡൻ ഫെലിക്സ്



ജെയിംസ് കുന്നശ്ശേരി



മേഘൻ മംഗലത്തേറ്റ്

ചിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് ചിക്കാഗോ രൂപത സമിതി സംഘടിപ്പിച്ച ദേശീയ ഡിജിറ്റൽ പോസ്റ്റർ നിർമാണ മത്സര വിജയികളെ പ്രഖ്യാപിച്ചു.

ഐഡൻ ഫെലിക്സ് (സെന്റ് അൽഫോൻസാ സിറോമലബാർ കത്തോലിക്ക പള്ളി, റിച്ച്മണ്ട്, വിർജീനിയ) ഒന്നാം സ്ഥാനവും, ജെയിംസ് കുന്നശ്ശേരി (സെന്റ് മേരീസ് ക്നാനായ കത്തോലിക്ക പള്ളി, ചിക്കാഗോ, ഇല്ലിനോയിസ്) രണ്ടാം സ്ഥാനവും, മേഘൻ മംഗലത്തേറ്റ് (സെന്റ് മേരീസ് ക്നാനായ കത്തോലിക്ക പള്ളി, ഡിട്രോയിറ്റ്, മിഷിഗൻ) മൂന്നാം സ്ഥാനവും നേടി.

അമേരിക്കയിലുടനീളമുള്ള ഇടവകകളിൽ നിന്നും മിഷനുകളിൽ നിന്നും ധാരാളം മിഷൻ ലീഗ് അംഗങ്ങൾ മത്സരത്തിൽ പങ്കുചേർന്നു. വിജയികൾക്ക് ക്യാഷ് അവാർഡുകളും പ്രശംസപത്രവും സമ്മാനിക്കും.



## ക്നാനായ സമുദായത്തിന്റെ വിശ്വാസതീഷ്ണതയും പൈതൃകപരിപാലനവും മഹത്തരം –മാർ ആൻഡ്രൂസ് താഴത്ത്

കോട്ടയം അതിരൂപത



കോട്ടയം: ക്നാനായ കത്തോലിക്കാ സമുദായത്തിന്റെ വിശ്വാസതീഷ്ണതയും പൈതൃകപരിപാലനവും മഹത്തരവും മാതൃകാപരവുമാണെന്ന് സി.ബി.സി.ഐ. പ്രസിഡന്റും തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത്. 1911 ആഗസ്റ്റ് 29 ന് വിശുദ്ധ പത്താം പീയൂസ് മാർപാപ്പ കോട്ടയം വികാരിയാത്ത് സ്ഥാപിച്ചതിന്റെ 113-ാം വാർഷികത്തോടനുബന്ധിച്ചുള്ള കോട്ടയം ക്നാനായ കത്തോലിക്കാ അതിരൂപതാദിനാഘോഷങ്ങൾ കോതനല്ലൂർ തൂവാനിസയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സഭയോടൊത്ത് തുടർന്നും യാത്രചെയ്ത് വിശ്വാസത്തിൽ അടിയുറച്ചു മുന്നേറുവാൻ സമുദായത്തിനു സാധിക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. വിശ്വാസത്തിൽ അടിയുറച്ച ജീവിതശൈലിയുള്ള ക്നാനായക്കാർ യഹൂദക്രൈസ്തവസംസ്ക്കാരത്തിന്റെ സംവാഹകരാണെന്ന് അദ്ദേഹം പറഞ്ഞു. വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച അതിരൂപതാംഗങ്ങളെയും പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി നിറവിലായിരിക്കുന്ന വൈദികരെയും സമ്മേളനത്തിൽ ആദരിച്ചു. അതിരൂപതാ സഹായമെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം, വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, പാസ്റ്ററൽ കോർഡിനേറ്റർ ഫാ. മാത്യു മണക്കാട്ട്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരായ ഫാ. തോമസ് ആനിമൂട്ടിൽ, ബിനോയി ഇടയാടിയിൽ, പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. എബ്രാഹം പറമ്പേട്ട്, കെ.സി.സി പ്രസിഡന്റ് ബാബു പറമ്പടത്തുമലയിൽ, സമർപ്പിത പ്രതിനിധി സിസ്റ്റർ റൊമിൽഡ, കെ.സി.ഡബ്ല്യു.എ സെക്രട്ടറി ഷൈനി ചൊള്ളമ്പേൽ, കെ.സി.വൈ.എൽ. പ്രസിഡന്റ് ലിബിൻ പാറയിൽ തുടങ്ങിയവർ പ്രസംഗിച്ചു. രാവിലെ കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അതിരൂപതാ പതാക ഉയർത്തുകയും കൃതജ്ഞതാബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. അതിരൂപതയിലെ സഹായമെത്രാന്മാരും വൈദികരും സഹകാർമ്മികരായി പങ്കെടുത്തു. അതിരൂപതയിലെ വൈദികരും സമർപ്പിത പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പാരിഷ് കൗൺസിൽ പ്രതിനിധികളും സമുദായസംഘടനാ ഭാരവാഹികളും ഇതര തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ആഘോഷങ്ങളിൽ പങ്കെടുത്തു.

## മേരിമാതാ മേജർ സെമിനാരിയുടെ രജതജൂബിലി ആഘോഷങ്ങൾ സമാപിച്ചു

തൃശൂർ അതിരൂപത

തൃശൂർ: മേരിമാതാ മേജർ സെമിനാരിയുടെ രജതജൂബിലി ആഘോഷങ്ങൾ സമാപിച്ചു. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി കൃതജ്ഞതാബലിയിൽ മുഖ്യ കാർമികത്വം വഹിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും സെമിനാരി ഭാരത സഭക്കു നല്കിയ സംഭാവനകളെ പ്രകീർത്തിക്കുകയും വൈദികപരിശീലനത്തിൽ തൃശൂരിലെ ദൈവജനം വഹിക്കുന്ന സുപ്രധാന പങ്കിനെ അഭിനന്ദിക്കുകയും ചെയ്തു. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. മന്ത്രി കെ. രാജൻ, സെമിനാരിയുടെ ജീവകാരുണ്യ സഹായനിധി ഉദ്ഘാടനം ചെയ്തു. മേരിമാതാ സെമിനാരി മുളയം ദേശത്ത് നടത്തിയ സാമൂഹിക സാംസ്കാരിക ഇടപെടലുകൾക്ക് മന്ത്രി നന്ദി പറഞ്ഞു.



ആർച്ച്ബിഷപ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴി, ബിഷപ്പുമാരായ മാർ റാഫേൽ തട്ടിൽ, മാർ ബോസ്കോ പുത്തൂർ, മാർ സ്റ്റീഫൻ ചിറപ്പണത്ത്, മാർ ടോണി നീലങ്കാവിൽ, മാർ ഔഗിൻ കുരിയാക്കോസ് എന്നിവർ പ്രസംഗിച്ചു. റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലക്കൽ സ്വാഗതവും വൈസ് റെക്ടർ ഫാ. ഫ്രീജോ പാറക്കൽ നന്ദിയും പറഞ്ഞു. നിരവധി സന്ന്യസ്തരും വൈദികവിദ്യാർഥികളും സെമിനാരിയുടെ ഗുണകാംക്ഷികളും വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും അയൽ കുടുംബങ്ങളും പങ്കെടുത്തു.

1998 ഓഗസ്റ്റ് 15നാണ് ഈ സെമിനാരി ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. അന്നത്തെ തൃശൂർ മെത്രാപ്പോലീത്തയായിരുന്ന മാർ ജേക്കബ് തൂങ്കുഴിയുടെ സാന്നിധ്യത്തിൽ കർദിനാൾ മാർ വർക്കി വിതയത്തിലാണ് സെമിനാരിയുടെ ഉദ്ഘാടനം നിർവഹിച്ചത്.

ഇതിനകം എണ്ണൂറോളം പേർ സെമിനാരിയിൽ തത്വശാസ്ത്ര പരിശീലനവും മുന്നൂറ്റിയമ്പതോളം പേർ ദൈവശാസ്ത്ര പരിശീലനവും നേടി വൈദികരായും ലോകത്തിൻറെ വിവിധമേഖലകളിൽ അല്മായ ശുശ്രൂഷകരായും പ്രവർത്തിക്കുന്നു.

## മാർ പോത്തനാമുഴി അവാർഡ് ഫാ. എ. അടപ്പൂരിന്

കോതമംഗലം രൂപത



മൂവാറ്റുപുഴ: കോതമംഗലം രൂപത പ്രഥമ മെത്രാൻ മാർ മാത്യു പോത്തനാമുഴിയുടെ സ്മരണാർഥം ഏർപ്പെടുത്തിയിട്ടുള്ള പോത്തനാമുഴി ഫൗണ്ടേഷൻ അവാർഡ് മരണാനന്തര ബഹുമതിയായി ഫാ. എ. അടപ്പൂർ എസ്ജെയ്ക്ക് സമ്മാനിച്ചു. നിർമല കോളജിൽ നടന്ന ചടങ്ങിൽ ട്രസ്റ്റ് ചെയർമാൻ ഫാ. തോമസ് പോത്തനാമുഴിയിൽനിന്നു ഫാ. ദേവസി പോൾ എസ്ജെ അവാർഡ് ഏറ്റുവാങ്ങി. 25,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് സമഗ്രസംഭാവനയ്ക്കുള്ള അവാർഡ്.

പത്രപ്രവർത്തകൻ, സാഹിത്യകാരൻ, കോളമിസ്റ്റ്, പതിനഞ്ചോളം പുസ്തകങ്ങളുടെ രചയിതാവ് എന്നീ നിലകളിൽ ഫാ. എ. അടപ്പൂർ എസ്ജെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. കെസിബിസി സാഹിത്യ അവാർഡ്, കേരള കൾച്ചറൽ ഫോറം അവാർഡ്, കത്തോലിക്ക കോൺഗ്രസ് അവാർഡ് എന്നീ ബഹുമതികളും ലഭിച്ചിട്ടുണ്ട്.





De Paul INSTITUTE OF SCIENCE AND TECHNOLOGY | DiSAT NILAMBUR
Run by Vincentian Fathers — Under De Paul Education Trust
Affiliated to University of Calicut and Recognized by Government of Kerala

COURSES OFFERED
BCA — Bachelor of Computer Application
BSW — Bachelor of Social Work
B.Com — Bachelor of Commerce in Finance

Industrial Training
Placement Assistance
Add on Diploma Courses

DiSAT Nilambur, De Paul Nagar, Near Nilambur Railway Station, Malappuram - 679 330, Kerala, India.
www.disat.in
depauldisat@gmail.com
+91 83040 33 246
+91 04931 221518

# ജസ്റ്റിസ് കുര്യൻ ജോസഫിന് സഭയുടെ മറുപടി

07-ാം പേജിൽ നിന്നും തുടർച്ച

ഇത്തരം നാല് മഹായോഗങ്ങൾ ഇതിനോടകം സംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞു. അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസ്സംബ്ലി 2024 ഓഗസ്റ്റ് 23 മുതൽ 25 വരെ പാലാ രൂപതയുടെ പാസ്റ്ററൽ സെന്ററിൽ വെച്ചു സംഘടിപ്പിക്കപ്പെടും.

വസ്തുതകൾ ഇവയായിരിക്കേ അടിസ്ഥാനരഹിതവും സഭയുടെ നൈയാമികമായ വ്യവസ്ഥിതിയെ അട്ടിമറിക്കുന്ന രീതിയിലുമുള്ള പ്രസ്താവനയാണ് ജസ്റ്റിസ് കുര്യൻ ജോസഫ് നടത്തിയതെന്ന് പറയാതെ വയ്യ. ഏകീകൃത വിശുദ്ധകുർബ്ബാനയർപ്പണരീതി നടപ്പിലാക്കുന്നതിൽ ജസ്റ്റിസ് കുര്യൻ ജോസഫ് ആവർത്തിച്ചുപറയുന്ന സമവായശ്രമങ്ങൾ പല തവണ നടന്നതാണ്. ആവശ്യത്തിന് ചർച്ചകൾ നടന്നിട്ടില്ല എന്നുള്ള ജസ്റ്റിസ് കുര്യൻ ജോസഫിന്റെ ആരോപണം വസ്തുതാവിരുദ്ധവും പുകമറ സൃഷ്ടിക്കാനുള്ള ശ്രമത്തിന്റെ ഭാഗവുമാണെന്നും സംശയിക്കേണ്ടിയിരിക്കുന്നു. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും എറണാകുളം-അങ്കമാലി അതിരൂപതയിലൊഴികെ നമ്മുടെ സഭയിലെ 34 രൂപതകളിലും ഏകീകൃത വിശുദ്ധകുർബാനയർപ്പണരീതി നടപ്പിലായി.

2022 മാർച്ച് 25ന് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കായി ഫ്രാൻസിസ് മാർപാപ്പ എഴുതിയ കത്തിലെ ''വൈഷമ്യം നിറഞ്ഞതും വേദനാജനകവുമായ ഒരു ചുവടു വയ്ക്കാൻ നിങ്ങളോട് ആവശ്യപ്പെടുകയാണ്'' എന്ന ആഹ്വാനം തിരസ്കരിച്ചവരോടൊപ്പമാണ് ജസ്റ്റിസ് കുര്യൻ ജോസഫ് എന്ന് കരുതേണ്ടിവരും.

അനേക വർഷങ്ങൾ നീതിപീഠത്തിന്റെ കാവൽക്കാരനായി പ്രവർത്തിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് കുര്യൻ ജോസഫ് സീറോമലബാർ സിഡിനെക്കുറിച്ചും എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇപ്പോഴത്തെ സാഹചര്യത്തെക്കുറിച്ചും പക്ഷപാതപരമായാണ് സംസാരിച്ചത്. അത്യന്തം അപലപനീയമായ വാക്കുകൾ ഉപയോഗിച്ചു സഭയുടെ തലവനെ നിരന്തരം ആക്ഷേപിച്ചപ്പോൾ, സഭാതലവന്റെയും പൗരസ്ത്യ തിരുസംഘാധ്യക്ഷന്റെയും കോലം കത്തിച്ചപ്പോൾ, സിനഡു പിതാക്കന്മാരെ അവഹേളിച്ചപ്പോൾ, സിനഡിനെ അനുസരിക്കില്ലായെന്നു ദൈവാലയങ്ങളിൽ കുഞ്ഞുങ്ങളെക്കൊണ്ടുപോലും പ്രതിജ്ഞയെടുപ്പിച്ചപ്പോൾ, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരെ ക്രൂരമായ മുദ്രാവാക്യങ്ങൾ മുഴക്കുകയും സംഘങ്ങളായിച്ചെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോൾ, അതിരൂപതയുടെ ആസ്ഥാനം ആസൂത്രിത സമരവേദിയാക്കിയപ്പോൾ, പൊന്തിഫിക്കൽ ഡെലഗേറ്റിനെ തടയുകയും അധിക്ഷേപകരമായി മുദ്രാവാക്യം മുഴക്കുകയും പ്രകോപനം സൃഷ്ടിക്കുകയും ചെയ്തപ്പോഴുമെല്ലാം അതിരൂപതാംഗമായ അദ്ദേഹത്തിന്റെ നിശബ്ദത മനഃപ്പൂർവമായിരുന്നു എന്ന് സംശയിക്കേണ്ടതായിവരുന്നു. സീറോമലബാർസഭ ആദരവോടെ നോക്കിക്കണ്ടിരുന്ന ജസ്റ്റിസ് കുര്യൻ ജോസഫ് സാറിൽനിന്ന് നിരന്തരമായി ഉണ്ടാകുന്ന ഇത്തരം പ്രസ്താവനകളും ഇടപെടലുകളും ഏറെ ദുഃഖകരവും അംഗീകരിക്കാനാവാത്തതുമാണെന്ന് സഭാ പി. ആർ.ഒ.യും മീഡിയാ കമ്മീഷൻ സെക്രട്ടറിയുമായ ഫാ. ഡോ. ആന്റണി വടക്കേകര വി.സി പ്രസ്താവനയിൽ പറഞ്ഞു.

# അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരേയുള്ള തെറ്റിദ്ധാരണാജനകമായ വാർത്തകൾ അപലപനീയം

കാക്കനാട്: എറണാകുളം-അങ്കമാലി അതിരൂപതയിൽ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സീറോമലബാർസഭയുടെ സിനഡ് നിശ്ചയിച്ച മെത്രാന്മാരുടെ പ്രത്യേക കമ്മിറ്റി ചർച്ചകൾ നടത്തികൊണ്ടിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റിയുടെ ചർച്ചകൾ തുടരവേ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ചർച്ചകളിലെ ധാരണകൾ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്ന തരത്തിൽ തീർത്തും തെറ്റിദ്ധാരണാജനകമായ വാർത്ത ഒരു പ്രമുഖ ദിനപത്രത്തിലും സമൂഹ മാധ്യമങ്ങളിലും കാണാനിടയായി. ചർച്ചകളിലൂടെയുള്ള പ്രശ്നപരിഹാര ശ്രമങ്ങളെ അട്ടിമറിക്കാനാഗ്രഹിക്കുന്നവർ നൽകുന്ന ഇത്തരം വാർത്തകൾ അങ്ങേയറ്റം അപലപനീയമാണെന്ന് സീറോമലബാർ സഭ പി.ആർ.ഒ. ഫാ. ഡോ. ആന്റണി വടക്കേകര വി.സി. പ്രസ്താവനയിൽ പറഞ്ഞു.

സീറോമലബാർസഭയുടെ സിനഡ് തീരുമാനിച്ചതും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം അംഗീകരിച്ചതും പരിശുദ്ധ മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത വിശുദ്ധ കുർബാനയർപ്പണം സാധ്യമാക്കുന്നതിനുള്ള ചർച്ചകൾക്കായി സിനഡ് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മെത്രാന്മാരുടെ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപത നിലവിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻകീഴിലായതിനാലും പ്രശ്നപരിഹാരത്തിനായി മാർപാപ്പ പൊന്തിഫിക്കൽ ഡെലഗേറ്റിനെ നിയമിച്ചിരിക്കുന്നതിനാലും പരിശുദ്ധ പിതാവിന്റെ സമ്മതത്തോടെ മാത്രമേ പ്രശ്നപരിഹാരത്തിനുള്ള ഏതു നിർദ്ദേശവും നടപ്പിലാക്കാൻ സാധിക്കുകയുള്ളു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കുന്നത് സംബന്ധിച്ച് 2022 മാർച്ച് 25ലെ കത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ തന്ന ഉദ്ബോധനം അനുസരിക്കാൻ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർ തയ്യാറാകണം.

ചർച്ചകളിൽ ഒരുതരത്തിലും ഇടപെടാത്ത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ചർച്ചകളെ അട്ടിമറിക്കുന്നു എന്ന തരത്തിലുള്ള ആരോപണങ്ങൾ തീർത്തും അടിസ്ഥാനരഹിതമാണ്. തെറ്റിദ്ധാരണാജനകമായ ഇത്തരം വാർത്തകൾ നൽകുന്നവർ അതിൽനിന്നും പിന്മാറേണ്ടതാണെന്നും വിശ്വാസികളും പൊതുസമൂഹവും ഇപ്രകാരമുള്ള വ്യാജ വാർത്തകൾക്കെതിരെ ജാഗ്രതയുള്ളവരായിരിക്കണമെന്നും സീറോമലബാർ സഭ പി.ആർ.ഒ. ഫാ. ഡോ. ആന്റണി വടക്കേകര വി.സി. അഭ്യർത്ഥിച്ചു.

# റവ.ഡോ. ബിനു കുന്നത്ത് ചായ് കേരള സംസ്ഥാന പ്രസിഡന്റ്



കോട്ടയം: കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ (ചായ്) കേരളയുടെ സംസ്ഥാന പ്രസിഡന്റായി കോട്ടയം തെള്ളകം കാരിത്താസ് ആശുപത്രി ഡയറക്ടർ റവ. ഡോ. ബിനു കുന്നത്തിനെ എറണാകുളത്തു ചേർന്ന ചായ് കേരള വാർഷിക പൊതുയോഗം തെരഞ്ഞെടുത്തു. സിസ്റ്റർ ബോണി മരിയായാണ് സെക്രട്ടറി. ഫാ. ജോൺസൺ വാഴപ്പിള്ളിയെ വൈസ് പ്രസിഡന്റായും ഫാ. മനോജ് കവളക്കാടനെ ജോയിന്റ് സെക്രട്ടറിയായും ഫാ. ബിമൽ ഫ്രാൻസിസിനെ ട്രഷററായും തെരഞ്ഞെടുത്തു. 12 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും തെരഞ്ഞെടുത്തു.




## മയക്കുമരുന്ന് സാമൂഹിക അർബുദം: മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ രൂപത



കുറവിലങ്ങാട്: മയക്കുമരുന്ന് സാമൂഹിക അർബുദമാണെന്നും അത്തരം ബന്ധങ്ങളിൽനിന്ന് മക്കളെ മാറ്റിനിർത്തണമെന്നും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. കുറവിലങ്ങാട് ബൈബിൾ കൺവൻഷനിൽ സമാപനസന്ദേശം നൽകുകയായിരുന്നു മാർ കല്ലറങ്ങാട്ട്. മയക്കുമരുന്നിനെതിരേയുള്ള ബോധവത്കരണം നല്ലരീതിയിൽ നടത്താനാകുന്നില്ല. സമുദായശക്തീകരണവും അല്മായരുടെ ശക്തമായ സംഘടനകളും ഉണ്ടാകണം.

മാതാപിതാക്കളുടെ സ്നേഹം ധൂർത്തടിക്കുന്ന മക്കളുടെ എണ്ണം കൂടിവരുന്നതായും മാർ കല്ലറങ്ങാട്ട് പറഞ്ഞു. നസ്രാണി സമൂഹം നൽകിയ സമർപ്പിത സഹോദരിമാർ നൽകിയ സേവനം ആരും മറക്കില്ലെന്നും മാർ കല്ലറങ്ങാട്ട് പറഞ്ഞു.

## ക്നാനായ കാത്തലിക് യൂത്ത് ലീഗ് നേതൃത്വപരിശീലന ക്യാമ്പ് സംഘടിപ്പിച്ചു

കോട്ടയം അതിരൂപത



കോട്ടയം: കോട്ടയം അതിരൂപതയുടെ യുവജന സംഘടനയായ ക്നാനായ കാത്തോലിക് യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ ത്രിദിന അതിരൂപതാതല നേതൃത്വ പരിശീലന ക്യാമ്പ് ഇടുക്കി തടിയമ്പാട് മരിയസദൻ ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ചു. കോട്ടയം അതിരൂപത വികാരി ജനറാൾ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ശ്രീ ലിബിൻ ജോസ് പാറയിൽ അധ്യക്ഷത വഹിച്ചു.

ചാപ്ലെയിൻ ഫാ. ചാക്കോ വണ്ടൻക്കുഴിയിൽ, ജനറൽ സെക്രട്ടറി ഷാരു സോജൻ കൊല്ലറേട്ട്, ഡയറക്ടർ ഷെല്ലി ആലപ്പാട്ട്, സിസ്റ്റർ അഡ്വൈസർ സി. ലേഖ എസ്.ജെ.സി., വൈസ് പ്രസിഡന്റ് ജെറിൻ ജോയി പാറാണിയിൽ, ജോയിന്റ് സെക്രട്ടറി അലീന ലൂമോൻ പാലത്തിങ്കൽ, ട്രഷറർ ജെയിസ് എം. ജോസ് മുകളേൽ, ഫാ. സൈജു പുത്തൻപറമ്പിൽ, ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിൽ നിന്നും 85 യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

## മാർ ജോസഫ് ഇരിമ്പൻ എല്ലാവരെയും ചേർത്തുപിടിച്ച വലിയ വ്യക്തിത്വം: മാർ കൊച്ചുപുരയ്ക്കൽ

പാലക്കാട് രൂപത

പാലക്കാട്: എല്ലാവരെയും ചേർത്ത് പിടിച്ചിരുന്ന വലിയ വ്യക്തിത്വം ആയിരുന്നു രൂപതയുടെ പ്രഥമ ബിഷപ് മാർ ജോസഫ് ഇരിമ്പൻ പിതാവെന്ന് പാലക്കാട് രൂപത ബിഷപ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ. ദൈവിക പരിപാലനയിൽ ആഴത്തിൽ വിശ്വസിച്ചിരുന്ന വിശുദ്ധ ജീവിതമായിരുന്നു പിതാവിന്റേതെന്നും മരിച്ചു കഴിഞ്ഞാലും മനുഷ്യജീവിതം അനുസ്മരിക്കപ്പെടണമെന്ന പാഠം അദ്ദേഹത്തിന്റെ ജീവിതം നൽകുന്നുണ്ടെന്നും ബിഷപ് അനുസ്മരിച്ചു. മാർ ജോസഫ് ഇരിമ്പൻ അന്ത്യ വിശ്രമം കൊള്ളുന്ന പാലക്കാട് കത്തീഡ്രൽ ദേവാലയത്തിൽ എത്തിച്ചേർന്ന രണ്ടാം അനുസ്മരണ പദയാത്രയ്ക്കു ശേഷം പ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്. തുടർന്ന് കബറിടത്തിൽ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ മുഖ്യകാർമികത്വം വഹിച്ച പ്രാർത്ഥന ശുശ്രൂഷയിൽ വികാരി ജനറാൾ മോൺ. ജീജോ ചാലയ്ക്കലും ഫാ. ജോഷി പുലിക്കോട്ടിലും സഹകാർമികരായി.



പാലക്കാട് രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ ജോസഫ് ഇരിമ്പൻറെ കബറിടത്തിലേക്ക് സാൻജോ ടവറിൽ നിന്നും തുടങ്ങിയ പദയാത്രയിൽ ആയിരങ്ങൾ പങ്കെടുത്തു. മാതൃവേദി, സിഎംഎൽ, സിഎൽസി, കെസിവൈഎം, എകെസിസി തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ പദയാത്ര രൂപത വികാരി ജനറാൾ മോൺ. ജീജോ ചാലയ്ക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. രൂപത മാതൃവേദി ഡയറക്ടറും കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന വികാരിയുമായ ഫാ. ബിജു കല്ലിങ്കൽ ജാഥാ ക്യാപ്റ്റനായി പദയാത്രക്ക് നേതൃത്വം നൽകി. പാലക്കാട് രൂപതയിലെ നിരവധി വൈദികരും സിസ്റ്റേഴ്സും പദയാത്രയിൽ അണിനിരന്നു. സുവർണ ജൂബിലിയുടെ നിറവിലുള്ള പാലക്കാട് രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ ജോസഫ് ഇരിമ്പന്റെ പാവനസ്മരണ ഉയർത്തിപ്പിടിച്ചാണ് ആയിരങ്ങൾ പദയാത്രയിൽ അണിനിരന്നത്.

## ദളിത് ക്രൈസ്തവ സംവരണ നിഷേധം ഭരണഘടന മൂല്യങ്ങളുടെ ലംഘനം: മാർ ജോസഫ് പെരുന്തോട്ടം

ചങ്ങനാശേരി അതിരൂപത

ചങ്ങനാശേരി: ദളിത് ക്രൈസ്തവ പട്ടികജാതി സംവരണ നിഷേധം കടുത്ത മതവിവേചനവും ഭരണഘടന മൂല്യങ്ങളുടെ നഗ്നമായ ലംഘനവുമാണെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ചങ്ങനാശേരി അതിരൂപത ദളിത് കത്തോലിക്ക മഹാജന സഭ എസ്ബി ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച നീതിഞായർ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്.



കെസിബിസി എസ്സി, എസ്ടി ബിസി കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം സന്ദേശം നൽകി. ചീഫ് വിപ്പ് ഡോ.എൻ. ജയരാജ് മുഖ്യപ്രഭാഷണം നടത്തി. അതിരൂപത വികാരിജനറാൾ മോൺ. ജോസഫ് വാണിയപുരയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി.

അതിരൂപത പ്രസിഡൻറ് ഡോ. സിജോ ജേക്കബ് അധ്യക്ഷത വഹിച്ചു. അതിരൂപത ഡിസിഎംസ് ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖസന്ദേശം നൽകി. ഉന്നതവിജയം കരസ്ഥമാക്കിയ 150 ലധികം ദളിത് കത്തോലിക്കാ വിദ്യാർഥികളെ ജോബ് മൈക്കിൾ എംഎൽഎ അനുമോദിച്ചു. അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ്, ജയിംസ് ഇലവുങ്കൽ, മാത്യു ജോസഫ്, ആഷ്‌ലി ജോസഫ് എന്നിവർ പ്രസംഗിച്ചു.




## അമ്മമാർ സഭയിലും സമൂഹത്തിലും രാഷ്ട്രീയത്തിലും മുഖ്യധാരയിലേക്ക് വരണം: മാർ ജോസ് പുളിക്കൽ



കോതമംഗലം: അമ്മമാർ സഭയിലും സമൂഹത്തിലും രാഷ്ട്രീയത്തിലും മുഖ്യധാരയിലേക്ക് വരണമെന്ന് മാതൃവേദി ഗ്ലോബൽ ഡെലഗേറ്റ് മാർ ജോസ് പുളിക്കൽ പിതാവ് പറഞ്ഞു. സെപ്റ്റംബർ 4,5 തിയതികളിലായി കോതമംഗലം രൂപത പാസ്റ്ററൽ സെന്ററായ നെസ്റ്റിൽ നടന്ന സീറോമലബാർ ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രാർത്ഥിക്കുന്ന അമ്മമാർ മറ്റുള്ളവരിലേക്ക് പ്രകാശം പരത്തുന്നവരായിരിക്കണമെന്നും ദൈവം തരുന്ന മക്കളെ ഏറ്റവും വിശുദ്ധിയോടെയും കരുതലോടെയും വളർത്തുവാൻ അമ്മമാർക്ക് ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

20 രൂപതകളിൽ നിന്നായി ഇരുന്നൂറോളം അമ്മമാർ പങ്കെടുത്ത സമ്മേളനത്തിൽ മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ശ്രീമതി ബീന ജോഷി അദ്ധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ സ്വാഗതവും രാമനാഥപുരം രൂപത ഡയറക്ടർ റവ. ഫാ. ടോമി വചനപ്രതിഷ്ഠയും നടത്തി. റവ. ഫാ. റോയി കണ്ണൻചിറ സി.എം.ഐ, ശ്രീമതി ആനി ഇളയിടം എന്നിവർ ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

സമാപന സമ്മേളനത്തിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. കോതമംഗലം രൂപത ഡയറക്ടർ റവ.ഫാ. ജോസ് കിഴക്കയിൽ ജപമാല റാലിക്ക് നേതൃത്വം വഹിച്ചു. മാതൃവേദി ഗ്ലോബൽ ഭാരവാഹികളായ റവ. സി. ജീസാ സി.എം.സി., ശ്രീമതി ആൻസി മാത്യു ചേനോത്ത്, സൗമ്യ സേവ്യർ, ഗ്രേസി ജേക്കബ്, ഡിംബിൾ ജോസ് എന്നിവർ നേതൃത്വം നൽകി.

# മിഷൻ ക്വസ്റ്റ് 2023




കാക്കനാട്: സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി നടത്തുന്ന മിഷൻ ക്വസ്റ്റ് എന്ന ഓൺലൈൻ ക്വിസ്, 2023 ഒക്ടോബർ ഇരുപത്തെട്ടാം തിയ്യതി ശനിയാഴ്ച വൈകുന്നേരം എട്ടുമണിക്ക് ഗൂഗിൾ ഫോം ഉപയോഗിച്ച് നടത്തപ്പെടും. ദൈവവചനം, കൂദാശകൾ, കൂദാശാനുകരണങ്ങൾ, തിരുസഭ, സഭയുടെ പ്രേഷിതദൗത്യങ്ങൾ എന്നിവയെക്കുറിച്ച് സമഗ്രമായ അറിവു ലഭിക്കത്തക്കരീതിയിലാണ് പഠനഭാഗം ക്രമീകരിച്ചിരിക്കുന്നത്. പഠനവിഷയങ്ങൾ സരളമായി മനസ്സിലാക്കുന്നതിനായി ഇംഗ്ലീഷ്, ഹിന്ദി, മലയാളം, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിൽ പഠനസഹായികൾ തയ്യാറാക്കി വെബ്സൈറ്റിൽ ലഭ്യമാക്കും.

മതബോധന വിദ്യാർഥികൾക്കും മുതിർന്നവർക്കും വെവ്വേറെ നടത്തപ്പെടുന്ന മത്സരങ്ങളിൽ രൂപതാതലത്തിലും ആഗോളതലത്തിലും വിജയികളുണ്ടാവും. വിജയികൾക്ക് ക്യാഷ് അവാർഡും പ്രശസ്തിപത്രവും ലഭിക്കും. വി. മർക്കോസിന്റെ സുവിശേഷത്തിൽനിന്ന് നാല്പതുശതമാനവും കൂദാശകൾക്കും കൂദാശാനുകരണങ്ങൾക്കുമായി മുപ്പതുശതമാനവും സീറോമലബാർസഭയെക്കുറിച്ചുള്ള പൊതുവിജ്ഞാനത്തിന് മുപ്പതുശതമാനവുമാണ് പാഠ്യപദ്ധതിയിൽ ഇടം നൽകിയിരിക്കുന്നത്. ഇന്ത്യക്കു വെളിയിലുള്ള നാലുരൂപതകൾക്ക് സമയക്രമത്തിൽ വ്യത്യാസമുണ്ട്.

മുപ്പത്തഞ്ചു രൂപതകളിലും വിവിധ പ്രവാസീമേഖലകളിലുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന സീറോമലബാർ വിശ്വാസികളെ തിരുവചനസഭാപഠനത്തിനായി ഒരു വേദിയിൽ കൊണ്ടുവരാൻ പരിശ്രമിക്കുന്നുവെന്നത് ഈ പ്രോഗ്രാമിന്റെ പ്രത്യേകതയാണ്. വ്യക്തിപരമായും, മതബോധന ക്ലാസ്സുകളിലും, ഭക്തസംഘടനകളുടെ മീറ്റിംഗുകളിലും, കുടുംബകൂട്ടായ്മകളിലുമൊക്കെ വിശകലനം ചെയ്യപ്പെടാവുന്ന രീതിയിലാണ് പഠനസഹായികൾ തയ്യാറാക്കിയിരിക്കുന്നത്. 'സഭയെ അറിഞ്ഞ് സഭയെ സ്നേഹിക്കാം, മിഷനെ അറിഞ്ഞ് മിഷനറിയാകാം' എന്നതാണ് ഈ പഠനപദ്ധതിയുടെ ലക്ഷ്യം. മിഷൻ ക്വസ്റ്റ് എന്ന പഠന പദ്ധതിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ www.syromalabarmission.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# വചനം വഴികാട്ടിയായി...

## വക്കച്ചൻറെ വൃക്കയിൽ ജോമോന് പുതുജീവിതം



കൊച്ചി: ''ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്യുന്നതെല്ലാം എനിക്കു തന്നെയാണ് ചെയ്തിരിക്കുന്നത്'' എന്ന യേശുവിന്റെ തിരുവചനം ഫാ. ജോർജ് പഴേപറമ്പിൽ പ്രാവർത്തികമാക്കിയപ്പോൾ ജീവിതം തിരിച്ചുകിട്ടിയത് ജോമോൻ എന്ന യുവാവിന്. വൃക്കകൾ തകരാറായതിനെത്തുടർന്ന് മരണത്തോട് മല്ലടിച്ചുകഴിഞ്ഞ കാസർഗോഡ് കൊന്നക്കാട് സ്വദേശിയായ ജോജോ എന്ന ജോമോന് (49) വൃക്ക ദാനം ചെയ്താണു തലശേരി അതിരൂപതാംഗമായ വക്കച്ചൻ എന്ന ഫാ. ജോർജ് പഴേപറമ്പിൽ ദൈവഹിതം ജീവിതത്തിൽ പ്രാവർത്തികമാക്കിയത്.

തലശേരി അതിരൂപതയിലെ വൈദികരുടെ വാട്ട്സ്ആപ് കൂട്ടായ്മയിൽ വന്ന ഒരു സന്ദേശത്തിലൂടെയാണ് ജോമോന്റെ ദുരവസ്ഥയെക്കുറിച്ച് ഫാ. ജോർജ് അറിയുന്നത്. പ്രമേഹത്തെത്തുടർന്ന് വൃക്കകൾ തകരാറിലായ ജോമോന് ജീവൻ നിലനിർത്താൻ വൃക്ക മാറ്റിവയ്ക്കുകയല്ലാതെ മറ്റു മാർഗമില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. ചികിത്സയ്ക്കായി ആകെയുണ്ടായിരുന്ന അക്ഷയ കേന്ദ്രം വരെ വിൽക്കേണ്ടിവന്നു. കൊന്നക്കാട് പള്ളി വികാരി ഫാ. ജോബിൻ ജോർജ് അധ്യക്ഷനായും ബളാൽ പഞ്ചായത്തംഗം ബിൻസി ജയിൻ കൺവീനറുമായി ചികിത്സാസഹായ കമ്മിറ്റി രൂപീകരിച്ചാണു ചികിത്സയ്ക്കായി പണം കണ്ടെത്തിയത്.

ഭാര്യ ഷൈന വൃക്ക ദാനം ചെയ്യാൻ തയാറാണെങ്കിലും രക്തഗ്രൂപ്പുകൾ ചേരുന്നില്ല. ഈ പ്രതിസന്ധി ഘട്ടത്തിലാണ് കള്ളാർ ഉണ്ണിമിശിഹാ പള്ളി വികാരിയായ ഫാ. ജോർജ് രക്ഷകനായി എത്തിയത്. വൃക്ക നൽകുന്ന വിവരം ആദ്യം അതിരൂപത അധികൃതരെ അറിയിച്ച് അനുവാദം നേടി. തുടർന്ന് ജൂലൈ 28ന് ആലുവ രാജഗിരി ആശുപത്രിയിൽ വൃക്ക ജോമോന് വിജയകരമായി മാറ്റിവച്ചു.

# വൈദികരുടെ തുടർ പരിശീലനം



കാക്കനാട്: സീറോമലബാർ സഭാ സിനഡിന്റെ തീരുമാനപ്രകാരം നടത്തി വരുന്ന വൈദികരുടെ തുടർപരിശീലന പരിപാടിയുടെ മൂന്നാമത്തെ ബാച്ച് സെപ്റ്റംബർ 11 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ സഭാ കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വെച്ചു നടത്തപ്പെട്ടു. പതിമൂന്ന് രൂപതകളിൽ നിന്നായി 33 യുവ വൈദികർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.


സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പരിപാടികൾ ഉദ്ഘാടനം ചെയ്തു. ക്ലെർജി കമ്മീഷൻ ചെയർമാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ സന്നിഹിതനായിരുന്നു സമാപന സമ്മേളനത്തിൽ കൂരിയ ചാൻസലർ ബഹു. എബ്രഹാം കാവിൽപുരയിടത്തിൽ അച്ചൻ ഏവർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ക്ലെർജി കമ്മീഷൻ സെക്രട്ടറി ഫാ. ജോജി കല്ലിങ്ങൽ, ഓഫീസ് സെക്രട്ടറി സി. ലിൻസി അഗസ്റ്റിൻ എം.എസ്. എം.ഐ. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# The FACE of The FACELESS

## അന്താരാഷ്ട്ര നിലവാരമുള്ള സിനിമ



ട്രൈലൈറ്റ് ക്രിയേഷൻസിന്റെ ബാനറിൽ പ്രൊഫ. ഡോ. ഷെയ്സൺ പി. ഔസേപ്പ് സംവിധാനം ചെയ്ത വാഴ്ത്തപ്പെട്ട രക്തസാക്ഷി സിസ്റ്റർ റാണി മരിയയുടെ ജീവിതം വിവരിക്കുന്ന The Face of the Faceless എന്ന സിനിമ പ്രദർശനത്തിനൊരുങ്ങുന്നു. 16 സംസ്ഥാനങ്ങളിൽ നിന്നുള്ള 150ൽ പരം പ്രശസ്ത കലാകാരന്മാർ അണിനിരക്കുന്ന ഈ ബോളിവുഡ് ചിത്രത്തിൽ സിസ്റ്റർ റാണി മരിയയായി 2022ലെ മികച്ച നടിക്കുള്ള കേരള സംസ്ഥാന സർക്കാരിന്റെ അവാർഡ് ജേതാവ് വിൻസി അലോഷ്യസ് മികച്ച അഭിനയം കാഴ്ച്ചവെച്ചിരിക്കുന്നു. ബേബിച്ചൻ ഏർത്തയിൽ എഴുതിയ 'പുല്ലുവഴിയിൽ നിന്നും പുണ്യവഴിയിലേയ്ക്ക്,' 'ഉദയനഗറിലെ സുകൃത താരകം' എന്നീ ഗ്രന്ഥങ്ങളെ അവലംബമാക്കി അനന്തൻ ജയപാലാണ് തിരക്കഥ എഴുതിയിരിക്കുന്നത്. സംഘർഷങ്ങൾ നിറഞ്ഞ രംഗങ്ങളും ശ്രവണസുന്ദരമായ ഗാനങ്ങളും ഉത്തരേന്ത്യയുടെ ഗ്രാമീണഭംഗിയുള്ള ദൃശ്യങ്ങളുമടങ്ങിയ മനോഹരമായ ചലച്ചിത്രാനുഭവമാണ് പ്രേക്ഷകർക്ക് The Face of the Faceless സമ്മാനിക്കുന്നത്. കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ ഹൃദയസ്പർശിയായ വരികൾക്ക് പ്രശസ്ത സംഗീത സംവിധായകൻ അൽഫോൻസ് ജോസഫ് ഈണം പകർന്നിരിക്കുന്നു. മലയാളത്തിന്റെ വാനമ്പാടി കെ.എസ്. ചിത്രയും ഹരിഹരനും കൈലാഷ് ഖേറും ആലപിച്ചിരിക്കുന്ന ഗാനങ്ങൾ കാതുകൾക്ക് ഇമ്പം പകരുന്നവയാണ്. 120ൽ പരം സിനിമകളിൽ പ്രവർത്തിച്ച രഞ്ചൻ എബ്രഹാമാണ് ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസറും എഡിറ്ററും. മികച്ച രാജ്യാന്തര ചലച്ചിത്രങ്ങളിൽ പ്രവർത്തിച്ച സാങ്കേതിക വിദഗ്ദരുടെ സാന്നിധ്യം ചിത്രത്തെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നു. ഇതിനോടകം പതിനഞ്ച് ഇന്റർനാഷണൽ അവാർഡുകൾ കരസ്ഥമാക്കിയ ഈ ചിത്രം സാന്ദ്ര ഡിസൂസ റാണയാണ് നിർമ്മിച്ചിരിക്കുന്നത്. സെൻട്രൽ പിക്ചേഴ്സ് തിയറ്ററുകളിൽ എത്തിക്കുന്ന The Face of the Faceless നവംബർ 2-ാം വാരത്തിൽ പ്രദർശനമാരംഭിക്കുമെന്ന് സംഘാടകർ അറിയിച്ചു.




ഉത്തരേന്ത്യയിലെ ബിജ്നോർ, സാത്നാ, ഇൻഡോർ തുടങ്ങിയ മേഖലകളിലെ വിദൂര ഗ്രാമങ്ങളിൽ തൊഴിലില്ലായ്മും പട്ടിണിയും മൂലം ജീവൻ നിലനിർത്താൻ കുടിവെള്ളം പോലും മോഷ്ടിക്കേണ്ടിവരുന്ന നിരക്ഷരരായ ഗ്രാമീണർ... അവിടെ നിസ്വരും നിസ്സഹായരുമായ പാവപ്പെട്ട കൃഷിക്കാർ ഉപദ്രവിക്കപ്പെടുന്നു. ബാങ്ക് വായ്പകളും സർക്കാർ ആനുകൂല്യങ്ങളും പണവും സ്വാധീനവുമുള്ളവർ മാത്രം നേടിയെടുക്കുന്നു. സ്ത്രീകളും പെൺകുട്ടികളും മനുഷ്യരഹിതമായി അവമാനിക്കപ്പെടുന്നു. ഇത്തരം അനീതികൾക്കെതിരെ പോരാടാൻ ധീരയായ ഒരു ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി രംഗത്തിറങ്ങുന്നു: സിസ്റ്റർ റാണി മരിയ. ജാതിയും മതവും അവരുടെ 21 വർഷത്തെ സേവനത്തിന് തടസ്സമായില്ല. എങ്കിലും ആ മനുഷ്യക്കോലങ്ങൾക്കുവേണ്ടി അവൾക്ക് സ്വജീവൻ ഹോമിക്കേണ്ടിവന്നു. അനീതിയ്ക്കും അക്രമങ്ങൾക്കും അഴിമതികൾക്കുമെതിരെ ശബ്ദമുയർത്തിയതുകൊണ്ട് സിസ്റ്റർ റാണി മരിയ ശരമുനയിൽ പിടഞ്ഞു മരിക്കുന്ന മാടപ്രാവിനെപ്പോലെ നിഷ്ഠൂരമായി വധിക്കപ്പെട്ടു. മതങ്ങൾക്കുപരി മനുഷ്യസമത്വവും സാഹോദര്യവും ഉയർത്തിപ്പിടിച്ച് പോരാടിയ ഒരു സ്ത്രീരത്നത്തിന്റെ, 'ഇൻഡോർ റാണി' എന്ന് അറിയപ്പെടുന്ന ധീര രക്തസാക്ഷി സിസ്റ്റർ റാണി മരിയയുടെ സേവനങ്ങളും സഹനങ്ങളും, 120ൽ പരം ഗ്രാമങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യപ്രാപ്തിയുമെല്ലാം ഈ മഹത്തായ ചലച്ചിത്രത്തിൽ അനാവരണം ചെയ്യുന്നു.

കൊച്ചിയിൽ പ്രദർശിപ്പിക്കപ്പെട്ട പ്രീമിയർ ഷോയിൽ സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും ക്ഷണിക്കപ്പെട്ട അതിഥികളും സിനിമ കണ്ട് അണിയറപ്രവർത്തകരെ ആശംസകളറിയിച്ചു. ആദ്യാവസാനം സസ്പെൻസ് നിലനിർത്തുന്ന, ഇന്നത്തെ സാമൂഹ്യരാഷ്ട്രീയ സാഹചര്യത്തിൽ ഏവരും കണ്ടിരിക്കേണ്ട മികച്ച സിനിമയാണ് The Face of the Faceless എന്ന് കർദിനാൾ അഭിപ്രായപ്പെട്ടു. ഇന്ത്യൻ ഭാഷകളായ ഹിന്ദിയിലും മലയാളത്തിലും തമിഴിലും തെലുങ്കിലും കന്നഡയിലും വിദേശഭാഷകളായ ഇംഗ്ലീഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, സ്പാനിഷ് എന്നീ ഭാഷകളിലും അവതരിപ്പിക്കപ്പെടുന്ന ഈ സിനിമ സമൂഹത്തോട് പ്രതിബദ്ധതയും മനുഷ്യത്വവുമുള്ള സകലരും ഏറ്റെടുക്കേണ്ടതാണ്. കണ്ണുനനയാതെ കണ്ടുതീർക്കാനാവാത്ത സിസ്റ്റർ റാണി മരിയയുടെ പച്ചയായ ജീവിതകഥ ചലച്ചിത്ര ആസ്വാദകർക്ക് നവ്യാനുഭവം സമ്മാനിക്കും.

# സെന്റ് മേരീസ് ബസിലിക്കയുടെ ഭരണനിർവ്വഹണത്തിൽ ഫാ. ആന്റണി നരികുളത്തിന് അധികാരമില്ല: സീറോമലബാർസഭ പിആർഒ

എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയുടെ വികാരി സ്ഥാനത്തുനിന്ന് തന്നെ സ്ഥലം മാറ്റിയതിനെതിരേ ഫാ. ആന്റണി നരികുളം വത്തിക്കാനിലെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ നൽകിയ അപ്പീൽ നിരസിച്ചുകൊണ്ടുള്ള കല്പന (Prot. N. 168/2023) സെപ്റ്റംബർ 6-ാം തിയതി വന്നിരുന്നു. എന്നാൽ ഒരു പ്രമുഖ ദിനപത്രത്തിൽ 'മോൺ. ആന്റണി നരികുളം ബസിലിക്ക വികാരിയായി തുടരും' എന്ന ശീർഷകത്തിൽ തെറ്റിദ്ധാരണാജനകമായ ഒരു വാർത്ത കാണാനിടയായി. ഫാ. നരികുളം ബസിലിക്ക വികാരിയായി തുടരുമെന്നാണ് പൗരസ്ത്യ തിരുസംഘത്തിന്റെ ഉത്തരവ് പറയുന്നത് എന്നാണ് നൽകിയിരിക്കുന്ന വാർത്ത.

എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തു പിതാവ് ഫാ. ആന്റണി നരികുളത്തെ ബസിലിക്ക വികാരി സ്ഥാനത്തുനിന്ന് മാറ്റുകയും, ആ ഉത്തരവിനെതിരേ അപ്പീൽ പോയ സാഹചര്യത്തിൽ ഫാ. ആന്റണി പൂതവേലിയെ ബസിലിക്കയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുകയും ചെയ്തിരുന്നു. സഭാനിയമപ്രകാരം ഇപ്പോൾ ബസിലിക്കയുടെ ഭരണാധികാരം അഡ്മിനിസ്ട്രേറ്ററായ ആന്റണി പൂതവേലിൽ അച്ചനിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ആയതിനാൽ, ഫാ. നരികുളത്തിന് ബസിലിക്കയുടെ ഭരണനിർവ്വഹണത്തിൽ യാതൊരു അധികാരവുമില്ലെന്ന് വ്യക്തമാക്കുന്നു. മറിച്ചുള്ള പ്രസ്താവനകളും പ്രചാരണങ്ങളും വാസ്തവവിരുദ്ധമാണെന്ന് ഇടവകാംഗങ്ങളും വിശ്വാസിസമൂഹവും മനസ്സിലാക്കുകയും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

# ജൂബിലി നിറവിൽ മാർ പള്ളിക്കാപറമ്പിൽ പിതാവിന് സ്നേഹാദരവ്



പാലാ: പാലാ രൂപതയുടെ ദ്വിതീയ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മെത്രാഭിഷേക സുവർണജൂബിലി ആഘോഷിച്ചു. ആശംസകളും പ്രാർഥനകളുമായി മെത്രാൻമാരും വൈദികരും കുടുംബാംഗങ്ങളും അജഗണങ്ങളും ഒഴുകിയെത്തിയപ്പോൾ പാലാ സെന്റ് തോമസ് കത്തീഡ്രൽ അങ്കണം ജനനിബിഡമായി മാറി.


മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ കരുതലും തലോടലും സ്നേഹവും അനുഭവിച്ചവരുടെ സാന്നിധ്യമാണ് സ്നേഹാദരവിന് മാറ്റുകൂട്ടിയത്. മെത്രാഭിഷേകത്തിൻറെ സുവർണജൂബിലിനിറവിൽ നിറപുഞ്ചിരിയുമായി നിൽക്കുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മുഖ്യകാർമികത്വത്തിലാണ് ദിവ്യബലി അർപ്പിക്കപ്പെട്ടത്.

ദൈവത്തിന് പൂർണമായും വിട്ടുകൊടുത്ത പരിശുദ്ധ അമ്മയെ പോലെ ദൈവത്തിനു സമർപ്പിച്ച പുരോഹിതശ്രേഷ്ഠനാണ് മാർ പള്ളിക്കാപറമ്പിലെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി വചനസന്ദേശത്തിൽ ഉദ്ബോധിപ്പിച്ചു.

വിശുദ്ധ കുർബാനയ്ക്കുശേഷം സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനം കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവ അധ്യക്ഷ പദമലങ്കരിച്ചു. മാർ പള്ളിക്കാപറമ്പിലിന്റെ മറുപടി പ്രസംഗം നന്ദിയുടെ വാക്കുകളായി മാറി.

പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സ്വാഗതവും മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ നന്ദിയും പറഞ്ഞു.

# ആഗോള സഭാ സിനഡിൽ പങ്കെടുക്കാൻ പിതാക്കന്മാർ യാത്ര തിരിച്ചു



കർദിനാൾ മാർ ജോർജ് ആലഞ്ചേരി



ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്



ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി

"For a Synodal Church: Communion, participation, mission" എന്ന സന്ദേശവുമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വിളിച്ചുചേർത്ത പതിനാറാമത് ആഗോള സഭാ സിനഡിൽ പങ്കെടുക്കാനായി സീറോമലബാർ സഭാ പ്രതിനിധികൾ യാത്ര തിരിച്ചു. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തു പിതാവും ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി പിതാവുമാണ് സീറോമലബാർസഭയെ പ്രതിനിധീകരിച്ച് സിനഡിൽ പങ്കെടുക്കുന്നത്.

2021 ഒക്ടോബർ 10-ാംതിയതി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബ്ബാനമധ്യേയാണ് ഫ്രാൻസിസ് മാർപാപ്പ സിനഡുസമ്മേളനം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

2023 ഒക്ടോബർ 4 മുതൽ 29 വരെ വത്തിക്കാനിൽ നടക്കുന്ന ആദ്യ സമ്മേളനത്തിൽ വോട്ടവകാശമുള്ള 363 അംഗങ്ങളാണ് പങ്കെടുക്കുന്നത്. 2024 ഒക്ടോബറിലെ രണ്ടാം സമ്മേളനത്തോടുകൂടിയാണ് മൂന്ന് വർഷങ്ങൾ നീണ്ടുനിൽക്കുന്ന ആഗോള സഭാ സിനഡ് സമാപിക്കുക.

